**പതിനാലാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1377** 11.06.2019 ൽ മറുപടിയ്ക്ക്

## ചിന്നക്കനാൽ വില്ലേജിലെ ഭൂമികയ്യേറ്റം

**ചോദ്യം**
**ശ്രീ.പി.ടി. തോമസ്**

**മറുപടി**
**ശ്രീ.ഇ. ചന്ദ്രശേഖരൻ**
**(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി)**

| | | |
|---|---|---|
| (എ) | ഇടുക്കി ജില്ലയിലെ ചിന്നക്കനാൽ വില്ലേജിൽ 2000-ന് ശേഷം എത്ര ഏക്കർ സർക്കാർഭൂമി സ്വകാര്യവ്യക്തികളും സ്വകാര്യകമ്പനികളും സ്വകാര്യസ്ഥാപനങ്ങളും കയ്യേറിയിട്ടുണ്ടെന്ന് വിശദമാക്കാമോ; കയ്യേറ്റക്കാരുടെ പട്ടികയും കയ്യേറിയ ഭൂമിയുടെ വിസ്തൃതിയും ലഭ്യമാക്കുമോ; | (എ) ഇടുക്കി ജില്ലയിലെ ചിന്നക്കനാൽ വില്ലേജിൽ 288.3681 ഹെക്ടർ സർക്കാർ ഭൂമി അനധികൃതമായി കയ്യേറിയിട്ടുള്ളതാണ്. ഈ കയ്യേറ്റ കേസുകളുടെ വിശദാംശങ്ങൾ അടങ്ങിയ പട്ടിക ഇതോടൊപ്പം അനുബന്ധം-1 ആയി ചേർക്കുന്നു. |
| (ബി) | ഇതിൽ എത്ര കയ്യേറ്റങ്ങൾ ഒഴിപ്പിച്ച് ഭൂമി തിരിച്ചെടുത്തുവെന്ന് അറിയിക്കാമോ; ഒഴിപ്പിച്ച കയ്യേറ്റക്കാരുടെ പട്ടികയും ഭൂമിയുടെ വിസ്തൃതിയും വിശദമാക്കുമോ; | (ബി) ഇടുക്കി ജില്ലയിലെ ചിന്നക്കനാൽ വില്ലേജിൽ 251.2600 ഹെക്ടർ സർക്കാർ ഭൂമിയിന്മേലുള്ള അനധികൃത കയ്യേറ്റം നിരുപാധികം ഒഴിപ്പിച്ചിട്ടുള്ളതാണ്. ഇപ്രകാരം ഒഴിപ്പിച്ചെടുത്ത സർക്കാർ ഭൂമിയുടെ വിശദാംശങ്ങൾ അടങ്ങിയ പട്ടിക ഇതോടൊപ്പം അനുബന്ധം-2 ആയി ചേർക്കുന്നു. |
| (സി) | പ്രസ്തുത വില്ലേജിൽ കയ്യേറ്റങ്ങൾക്ക് ഒത്താശ ചെയ്ത റവന്യൂ ഉദ്യോഗസ്ഥർ ആരൊക്കെയാണെന്നും ഇവർക്കെതിരെ ഈ സർക്കാർ ഇതുവരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്നും വിശദമാക്കാമോ; | (സി) 2000 ത്തിന് ശേഷം ചിന്നക്കനാൽ വില്ലേജിൽ സർക്കാർ ഭൂമി കയ്യേറ്റവുമായി ബന്ധപ്പെട്ട് അച്ചടക്ക നടപടികൾ നേരിട്ട റവന്യൂ ഉദ്യോഗസ്ഥരുടെ വിശദാംശങ്ങൾ അടങ്ങിയ പട്ടിക ഇതോടൊപ്പം അനുബന്ധം -3 ആയി ചേർക്കുന്നു. |

| | | |
|---|---|---|
| (ഡി) | ഭൂമികയ്യേറ്റം സംബന്ധിച്ച് 2019 മേയ് മാസം ദേവികുളം സബ്കളക്ടർ റവന്യൂ വകുപ്പുമന്ത്രിക്ക് നൽകിയ റിപ്പോർട്ടിൻമേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; പ്രസ്തുത റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ? | (ഡി) 27.04.2019 ലെ സ.ഉ(കൈ)-124/2019/റവ നമ്പർ ഉത്തരവ് പ്രകാരം രൂപീകരിച്ച പ്രത്യേക കമ്മറ്റി സർക്കാർ മുമ്പാകെ സർപ്പിച്ച അന്വേഷണ റിപ്പോർട്ടിന്മേൽ സ്വീകരിക്കേണ്ടതായ തുടർനടപടികൾ സംബന്ധിച്ച് 31.05.2019-ാം തീയതി സ.ഉ(കൈ)-157/2019/റവന്യൂ നമ്പറായി സർക്കാർ ഉത്തരവായിട്ടുള്ളതാണ്. റിപ്പോർട്ടിന്റെ പകർപ്പ് അനുബന്ധം-4 ആയി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം - I



**Details of Encroachments in Chinnakanal Village**

| Sl. No. | Name of Village | Sy No. | Extent of Land encroached in Hectors | Person involved | Remarks |
|---|---|---|---|---|---|
| 1 | Chinnakanal | 148, 149, 150 | | Reji, Thenkallunkal, Kattappana | Cr. 139/07 pending in Crme Branch |
| 2 | Chinnakanal | 20/1 | 0.0006 | Chellayya, S/o Mahalingam, III/359, Sooryanelli | Evicted |
| 3 | Chinnakanal | 20/1 | 0.0028 | Jimmy Sakariah, Vellukunnel, Sooranelly | The party is discharged from the case as per police enquiry |
| 4 | Chinnakanal | 329/1, 329/6, 499, 456 | 0.0519 | Bobby Sakariah, Vellukunnel, Sooryanelli | Survey works in progress |
| 5 | Chinnakanal | 34/1 | 0.4047 | Nagesh, Subramanyam Colony, Chinnakanal | Evicted and taken into costody |
| 6 | Chinnakkanal | 81/1, 81/3, 81/4 | 0.4365 | 1. Boby Sakariah, Vellukunnel, 2. A C Chummar, Akkarayil, Thrissur | Survey records has been not available on CSO TVM |
| 7 | Chinnakkanal | 197/1 | 2.0242 | Basil M Paul, Moosappillil, Kulapparachal | Evicted and taken into costody on 19/07/2011 |
| 8 | Chinnakkanal | 87/1 | 1.3800 | N V Joy, MD, Joys Enterprises, Trissur | Possession handed over to party. WPC 20242/14 Pending |
| 9 | Chinnakkanal | 222/1 | 2.8612 | Tssin J Thachankari, Thachankari Veedu, Eranakulam | MTOP 59/2015 Pending |
| 10 | Chinnakkanal | 123/1 | 0.2023 | A D Johnson, Areekkal, Sooryanelli | Evicted on 10/01/2012. MTOP 08/2012 Pending |
| 11 | Chinnakkanal | 34/1 | 0.0405 | Jose Santhosh T S, Thannikkal, Sooryanelly | MTOP 11/2012 pending |
| 12 | Chinnakkanal | 34/1 | 0.0405 | M A Jose, Marocki Veedu, Nagamala | MTOP 10/2012 pending |
| 13 | Chinnakkanal | 78/1, 11/3, 2019 | 1.1779 | 1. Jose Mathew, Idakkattukudi, Thrikkariyoor, 2. Robin Jose, Idakkattukudi, Thrikkariyoor | Evicted and land in govt posession |
| 14 | Chinnakkanal | 525 | 0.0866 | Jose Mathew, Idakkattukudi, Thrikkariyoor | MTOP 463/2014 pending |
| 15 | Chinnakkanal | 197 | 3.9324 | K N Mohanan, Kanjirathinkal, Rajakkadu | MTOP 18/2013, 20/2012 and OP 1076/2013 pending |

| | | | | | |
|---|---|---|---|---|---|
| 16 | Chinnakkanal | 11/1, 11/13, 11/1-16, 11/1,16,15 | 2.2258 | 1. Santhosh Thomas, Azhakulathil, Santhanpara, 2. Romina Jose, Vayalattu, Maradu P O, Eranakulam | Cardomom lease issued . Matter reported to District Collector |
| 17 | Chinnakkanal | 11/1, 20/1, 48 | 0.8903 | Jose Joseph, Ottaplackal, Chinnakanal | MTOP 594/2014 Pending |
| 18 | Chinnakkanal | 82/1 | 2.0235 | Bobby Sakariah, Vellukunnel, Shanmukhavilasam | Evicted on 29/11/2016 |
| 19 | Chinnakkanal | 209/1 | 2.2482 | Tiju Kuryakos, Naduthottathil, Singukandam | MTOP 29/2016 pending |
| 20 | Chinnakkanal | 20/1, 34/1 | 8.7000 | Jimmy Sakariah, Vellukunnel, Surianelly | LC Case in progress |
| 21 | Chinnakkanal | 87/1 | 0.0850 | Babu George, MD, Voyage Hotel and Resorts Pvt Ltd, Chengannur | Survey works in progress |
| 22 | Chinnakkanal | 180/1 | 0.0012 | 1. Kanna, 2. Selvi, Milleneom Colony, Chinnakanal | LC Case in progress |
| 23 | Chinnakkanal | 20/1 | 0.0607 | Jimmy Sakariah, Vellukunnel, Surianelly | Survey works in progress |
| 24 | Chinnakkanal | 34/1 | 0.0405 | 1. Dinesan, Kochu Thayyil, Singukandam, 2. Sreekumar, Naduvil, Singukandam | C Form issued on 24/01/2017. |
| 25 | Chinnakkanal | 34/1 | 0.0809 | the Vicar, St. Joseph Church, Surianelly | C Form Issued on 03/03/2017 |
| 26 | Chinnakkanal | 34/1 | 0.6882 | 1. Mosess, Oliv Jenny, Gundumala, 2. Amuda Mohan | Survey works in progress |
| 27 | Chinnakkanal | Bl. 8, Re Sy. 179/2 | 0.8620 | Francis John, Director, Gala Ice Cream | C Form Issued on 13/09/2017 and land taken in posession on 19/09/20174 |
| 28 | Chinnakkanal | 20/1 | 0.8094 | Biju T D, Thellippadavil, Konnathadi P O | Evicted and land under Govt Possession |
| 29 | Chinnakkanal | 34/1 | 0.0236 | Jimmy Skariya, Vellukunnel, Chinnakkanal | Under Processing as per KLC Act |
| 30 | Chinnakkanal | 57/2 | 2.3500 | Dhanikkodi, Chinnakkanal | Evicted and 2.3500 Ha land under Govt Possession |
| 31 | Chinnakanal | 149, 151 | 105.0000 | Various persons | Evicted |
| 32 | Chinnakanal | Bl.8, Sy 179/2 | 0.8620 | Francis John, Director, Gala Ice Cream | Evicted |

| | | | | | |
|---|---|---|---|---|---|
| 33 | Chinnakanal | 34/1 | 129.4840 | Tom Sakariah, Chairman, Spirit in Jesus Ministry | Evicted |
| 34 | Chinnakanal | Bl. 8, Sy. 82/1 | 5.2610 | Sakariah Joseph & Bobby Sakariah, Vellukunnel, Chinnakanal | Evicted |
| 35 | Chinnakanal | 20/1 | 1.0000 | Saramma Mathew, Thettayil, 301 Colony | Evicted |
| 36 | Chinnakanal | 20/1 | 0.0788 | J D Homes resort, Chinnakkanal | Evicted |
| 37 | Chinnakanal | 30/1, 20/1, 115, 30/20, 30/12 | 0.1395 | Haritha Resort, Chinnakkal | Evicted |
| 38 | Chinnakanal | 30/18, 38/5 | 0.0043 | Inchanattu Inn, resort, chinnakkanal | Evicted |
| 39 | Chinnakanal | 20/1 | 0.4378 | Blue Mount Regalia Resort, Chinnakkanal | Evicted |
| 40 | Chinnakkanal | Bl.8, 219 | 6.2656 | Various persons, Tata Tea Estate and Harrisons malayalam Ltd | Anayirankal Dam |
| 41 | Chinnakkanal | 34/1, 20/1 | 2.4291 | Jimmy Sakaria, Vellookunnel | WPC 21341/12 Pending |
| 42 | Chinnakkanal | 20/1 | 2.0242 | A D Johnson, Areekkal, Sooryanelli | WPC 1153/2016 Pending |
| 43 | Chinnakanal | 34/1 | 1.6100 | Jiji Sakaria, Pallikunnel | WPC 6954/2010 Pending |
| 44 | Chinnakanal | 11/1 | 0.0404 | V X Albin, Valiyatharayil, Chinnakanal | Survey works in progress |
| | | Total | 288.3681 | | |

ലൈബ്രറി ഓഫീസർ

ഉത്തരവ്-2

Details of Encroachments Evicted from the Govt. Land in Chinnakanal Village

| Sl. No. | Name of Encroacher | Village | Survey No. | Extent in Hecters | Remarks |
|---|---|---|---|---|---|
| 1 | Various persons | Chinnakanal | 149, 151 | 105.0000 | |
| 2 | Francis John, Director, Gala Ice Cream | Chinnakanal | Bl.8, Sy 179/2 | 0.8620 | |
| 3 | Tom Sakariah, Chairman, Spirit in Jesus Ministry | Chinnakanal | 34/1 | 129.4840 | |
| 4 | Boby Sakariah, Vellukunnel, Chinnakanal | Chinnakanal | Bl. 8, Sy. 82/1 | 2.0235 | |
| 5 | Sakariah Joseph & Bobby Sakariah, Vellukunnel, Chinnakanal | Chinnakanal | Bl. 8, Sy. 82/1 | 5.2610 | |
| 6 | Nagesh, Subramanyam Colony, Chinnakanal | Chinnakanal | 34/1 | 0.4047 | |
| 7 | Saramma Mathew, Thettayil, 301 Colony | Chinnakanal | 20/1 | 1.0000 | |
| 8 | Basil M Paul, Moosappillil, Kulapparachal | Chinnakkanal | [illegible] | 2.0242 | |
| 9 | [illegible] | [illegible] | [illegible] | 0.2023 | |
| 10 | 1. Jose Mathew, Idakkattukudi, Thrikkariyoor, 2. Robin Jose, Idakkattukudi, Thrikkariyoor | Chinnakkanal | 78/1, 11/3, 219 | 1.1779 | |
| 11 | Biju T D, Thellippadavil, Konnathadi | Chinnakkanal | 20/1 | 0.8094 | |
| 12 | Chellayya, S/o Mahalingam, III/359, Sooryanelli | Chinnakkanal | 20/1 | 0.0006 | |
| 13 | Dhanikkodi, Chinnakkanal | Chinnakkanal | 57/2 | 2.3500 | |
| 14 | J O Homes resort, Chinnakkanal | Chinnakkanal | 20/1 | 0.0788 | |
| 15 | Haritha Resort, Chinnakkal | Chinnakkanal | 30/1, 20/1, 115, 30/20, 30/12 | 0.1395 | |
| 16 | Inchanattu Inn, resort, chinnakkanal | Chinnakkanal | 30/18, 38/5 | 0.0043 | |
| 17 | Blue Mount Regalia Resort, Chinnakkanal | Chinnakkanal | 20/1 | 0.4378 | |
| | Total | | | 251.2600 | |

ഒപ്പ്

ജോയിന്റ് ഡയറക്ടർ

അനുബന്ധം - 3

## നടപടി നേരിട്ട ഉദ്യോഗസ്ഥരുടെ വിവരം

| ക്രമ നംപർ | പേര് | ഉദ്യോഗപ്പേര് | നടപടി വിവരം |
|---|---|---|---|
| 1 | വി കെ രഘുനാഥൻ | വില്ലേജ് ഓഫീസർ | സസ്പെൻഷൻ 10/10/2002 |
| 2 | സ്റ്റുവർട്ട് ജേക്കബ് | വില്ലേജ് അസിസ്റ്റന്റ് | സസ്പെൻഷൻ 10/10/2002 |
| 3 | വി കെ സഹദേവൻ | വില്ലേജ് ഓഫീസർ | സസ്പെൻഷൻ 10/10/2002 |
| 4 | എം ജി സാബു | വില്ലേജ് ഓഫീസർ | സസ്പെൻഷൻ 05/05/2007 |
| 5 | എം കെ ഉഷാദേവി | വില്ലേജ് ഓഫീസർ | സസ്പെൻഷൻ 05/05/2007 |
| 6 | സി വി വിജയൻ | വില്ലേജ് ഓഫീസർ | സസ്പെൻഷൻ 05/05/2007 |
| 7 | റ്റി ജി ശ്രീധരൻ | വില്ലേജ് ഓഫീസർ | സസ്പെൻഷൻ 08/05/2007 |

[signature]

സെക്ഷൻ ഓഫീസർ

അനുബന്ധം - 4

# അന്വേഷണ റിപ്പോർട്ട്

(സ.ഉ.നമ്പർ.124/2019/RD, തീയതി 27.04.19)

# വിഷയ സൂചിക


പേജ് നമ്പർ

ഭാഗം - I

1. ആമുഖം 04 - 05

ഭാഗം - II

2. ചിന്നക്കനാൽ വില്ലേജിലെ എഴുപതേക്കർ, മുൻസർവ്വെ 20/1 എന്നിവയിൽപ്പെട്ട സർക്കാർ ഭൂമിയുടെ വിവരങ്ങൾ 06 - 08

2(1) എഴുപതേക്കർ

2(2)മുൻസർവ്വെ 20/1

ഭാഗം - III

3. അപ്പോത്തിയോസിസ് എന്ന കമ്പനി ചിന്നക്കനാൽ വില്ലേജിൽ വിലവാങ്ങിയ ഭൂമി സംബന്ധമായ വിവരങ്ങൾ 09 - 18

3(2) (i) ആധാര നമ്പർ - 237/09

3(2) (i)(എഫ്) ശുപാർശകൾ

3(2) (ii) ആധാര നമ്പർ - 238/09, 236/09

3(2) (ii)(ഇ) ശുപാർശകൾ

ഭാഗം - IV

5(എ) കൃത്രിമ രേഖകൾ ചമച്ചും ഇരട്ടിപ്പായും പട്ടയങ്ങൾഅനുവദിച്ച കേസുകൾ 19 - 25

5(ബി) 1993 പതിവ് ചട്ട പ്രകാരമുള്ള പട്ടയങ്ങളിൽ ഉപാധിരഹിത മുദ്ര പതിപ്പിച്ചിട്ടുള്ളതുമായി ബന്ധപ്പെട്ട ക്രമക്കേടുകൾ.

5(സി) 1993 പതിവ് ചട്ട പ്രകാരമുള്ള പട്ടയങ്ങളിൽ കരമടവ് പുനഃസ്ഥാപിച്ചതുമായി ബന്ധപ്പെട്ട ക്രമക്കേടുകൾ.

5(ഡി) നിജസ്ഥിതി സർട്ടിഫിക്കറ്റ് കൈവശ സർട്ടിഫിക്കറ്റ് എന്നിവ തെറ്റായി അനുവദിച്ചിട്ടുള്ള കേസുകൾ

ഭാഗം - V

6. മോ ˇ ഫോർട്ട് സ്കൂൾ കൈവശപ്പെടുത്തിയ സർക്കാർ ഭൂമിയുടെ വിവരങ്ങൾ 26 - 28

ഭാഗം - VI

7. പരിധിയിൽ കവിഞ്ഞ ഭൂമി കൈവശം വച്ചിട്ടുള്ള കേസുകൾ 29 - 30

ഭാഗം - VII

പൊതു ശുപാർശകൾ 31 - 33

ഭാഗം - VIII

സംഗ്രഹം 34 - 36

ഭാഗം - IX

അനുബന്ധങ്ങൾ 37 - 39


****

# ഭാഗം – I

# ആമുഖം

1 (1) ഇടുക്കി ജില്ലയിൽ ഉടുമ്പൻചോല താലൂക്കിൽ ചിന്നക്കനാൽ വില്ലേജിലെ സർക്കാർഭൂമികൾ അനധികൃതമായി കൈമാറ്റം ചെയ്തിട്ടുള്ളതു സംബന്ധിച്ച് അന്വേഷണം നടത്തുന്നതിന് 27.4.2019 ലെ സ.ഉ. നമ്പർ. 124/2019/റവ പ്രകാരം സർക്കാർ ഉത്തരവു പുറപ്പെടുവിച്ചിരുന്നു **(അനുബന്ധം-1).** പ്രസ്തുത അന്വേഷണം നടത്തുതിനായി ദേവികുളം സബ്കളക്ടർ അദ്ധ്യക്ഷയായി ഒരു 7 അംഗ കമ്മിറ്റിയെയും അതേ ഉത്തരവു വഴി സർക്കാർ നിയോഗിച്ചിരുന്നു. അന്വേഷണം സംബന്ധിച്ച് സർക്കാർ ഉത്തരവിൽ നിർദ്ദേശിച്ചിരുന്ന വിഷയങ്ങൾ ചുവടെ ചേർക്കുന്നവയാണ്.

(i) അപ്പോത്തിയോസിസ് ഇൻഫ്രാസ്ട്രക്ചർ പ്രൈവറ്റ് ലിമിറ്റഡ് എന്ന കമ്പനിക്ക് ഭൂമി വിൽപന നടത്തിയിട്ടുള്ളതു സംബന്ധിച്ച്

(ii) കൈമാറ്റത്തിലുൾപ്പെട്ട ഭൂമിയുടെ സമീപ സർവ്വെ നമ്പരുകളിൽപ്പെട്ട ഭൂമികളുടെ ഇപ്പോഴത്തെ അവസ്ഥ സംബന്ധിച്ച്

(iii) കൈമാറ്റത്തിലുൾപ്പെട്ട ഭൂമിക്ക് മുൻ ജന്മി പേരിൽ അനുവദിച്ചിരുന്ന പട്ടയങ്ങൾ സംബന്ധിച്ച്

(iv) വ്യാജ പട്ടയങ്ങൾ റദ്ദാക്കാതിരുന്നതു സംബന്ധിച്ചും വ്യാജ പട്ടയങ്ങളിലുൾപ്പെട്ട ഭൂമികൾക്ക് റവന്യൂ സർട്ടിഫിക്കറ്റുകൾ അനുവദിച്ചിരുന്നതു സംബന്ധിച്ചും

(2) മേൽ വിഷയങ്ങളിൽ അന്വേഷണം നടത്തുന്നതു കൂടാതെ വ്യാജമായി നൽകിയ പട്ടയങ്ങൾ റദ്ദു ചെയ്യുന്നതിനും കുറ്റക്കാരായ ഉദ്യോഗസ്ഥർക്കെതിരെ കർശന അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതിനും പ്രസ്തുത സർക്കാർ ഉത്തരവു പ്രകാരം അന്വേഷണ സമിതി അദ്ധ്യക്ഷയെ അധികാരപ്പെടുത്തിയിട്ടുള്ളതാണ്.

(3) സർക്കാർ നിർദ്ദേശാനുസരണം 02.05.19 തീയതിയിൽ അന്വേഷണ നടപടികൾ ആരംഭിച്ചിരുന്നതും ആയത് 18.05.19ൽ പൂർത്തിയാക്കിയിട്ടുള്ളതുമാണ്.

*****

# ഭാഗം – II

## 2. ചിന്നക്കനാൽ വില്ലേജിലെ എഴുപതേക്കർ, മുൻ സർവ്വെ 20/1 എന്നിവയിൽപ്പെട്ട സർക്കാർഭൂമിയുടെ വിവരങ്ങൾ

2 (1) എഴുപതേക്കർ എന്നറിയപ്പെടുന്ന പ്രദേശം ഉടുമ്പൻചോല താലൂക്കിൽ ചിന്നക്കനാൽ വില്ലേജിൽ ചിന്നക്കനാൽ താവളം മുൻ സർവ്വെ 495, 532, 540, 541 എന്നിവയിലുൾപ്പെട്ട 28.5574 ഹെ. (70.56 ഏക്കർ) സർക്കാർ ഭൂമിയാണ്. അടിസ്ഥാന ഭൂനികുതി രജിസ്റ്റർ, റീസർവ്വെ ഫെയർ ലാൻഡ് രജിസ്റ്റർ എന്നിവയിൽ സർക്കാർ പുൽമേട് എന്നു രേഖപ്പെടുത്തിയട്ടുളള അതീവ പരിസ്ഥിതി പ്രാധാന്യമുള്ള ടി ഭൂമി ആദ്യ മൂന്നാർ ദൗത്യ കാലഘട്ടത്തിൽ അതായത് 27.3.2008-ൽ സർക്കാർ അധീനത സ്ഥിരീകരിച്ച് ലാൻഡ് ബാങ്കിൽ ഉൾപ്പെടുത്തിയിരുന്നതുമാണ് **(അനുബന്ധം-2)**. ചിന്നക്കനാൽ വില്ലേജിലെ റീസർവ്വെ നടപടികളുടെ ഭാഗമായി 1973-74 കാലഘട്ടത്തിൽ യഥാർത്ഥ ഫീൽഡ് പരിശോധനയിലൂടെ ശരിയായ കൈവശങ്ങൾ ഉൾക്കൊളളിച്ച് തയ്യാറാക്കിയിട്ടുളള ഫെയർ ലാൻഡ് രജിസ്റ്റർ പ്രകാരം ടി 495, 532, 540, 541 എന്നിവയിൽപ്പെട്ട ഭൂമികൾ യാതൊരു സ്വകാര്യ വ്യക്തികൾക്കും കൈവശമില്ലാത്ത "സർക്കാർ പുൽമേട് " ആകുന്നു. അന്വേഷണത്തിന്റെ ഭാഗമായി 15.5.2019ൽ നടത്തിയ സ്ഥലപരിശോധനയിലും ടി ഭൂമി സ്വകാര്യകൈവശങ്ങളില്ലാത്ത പുൽമേടായി തുടരുന്നുവെന്ന് ബോധ്യപ്പെട്ടിട്ടുളളതാണ്. എഴുപതേക്കർ പ്രദേശത്തിന്റെ മുൻ സർവ്വെ, റീസർവ്വെ എന്നിവ പ്രകാരമുള്ള സ്കെച്ചുകൾ **അനുബന്ധം-3(1), അനുബന്ധം-3(2).** എന്നിവയായി ചേർത്തിരിക്കുന്നു. ടി എഴുപതേക്കർ പ്രദേശത്തിന്റെ റീസർവ്വെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| **മുൻ സർവ്വെ നമ്പർ** | **റീസർവ്വ ബോക്ക്** | **റീസർവ്വെ നമ്പർ** | **വിസ്തീർണ്ണം(ഹെ.)** | **ഇനം** |
|---|---|---|---|---|
| 495 | 6 | 20<br>21 | 09.5800<br>09.6000 | സർക്കാർ, പുറമ്പോക്ക്, പുൽമേട് |
| 532 | 6 | 34 | 08.1200 | സർക്കാർ, പുറമ്പോക്ക്, പുൽമേട് |
| 540 | 6 | 34 | | |
| 541 | 6 | 34 | | |
| **ആകെ** | | | **27.3000** | |

(2) മുൻ സർവ്വെ റിക്കാർഡുകൾ പ്രകാരം ചിന്നക്കനാൽ വില്ലേജിലെ മുൻ സർവ്വെ നമ്പർ 20/1 ൽപ്പെട്ട ഭൂമി 1677.25 ഏക്കർ വിസ്തൃതിയുളള സർക്കാർ പുറമ്പോക്കാണ്. ഇതിൽ നിന്നും 290.35 ഹെ. ഭൂമി (റിസർവ്വെ ബ്ലോക്ക്-6, റീസർവ്വെ നമ്പർ-60) പരിഹാര വനവത്കരണത്തിനായി വനംവകുപ്പിന് കൈമാറിയിട്ടുളളതാണ്. റിസർവ്വെ ഫെയർ ഫീൽഡ് രജിസ്റ്ററിൽ 1973-1974 കാലഘട്ടത്തിലെ പ്രസ്തുത ഭൂമിയിലെ പട്ടയ കക്ഷികളുടേതുൾപ്പെടെയുള്ള യഥാർത്ഥ കൈവശക്കാരുടെ വിവരങ്ങൾ കൃത്യമായി രേഖപ്പെടുത്തിയിട്ടുളളതുമാണ്. ടി 20/1 ൽപ്പെട്ട ഭൂമിയിൽ പല ഭാഗങ്ങളിലായി 1964 ചട്ടങ്ങൾ പ്രകാരവും 1993 പ്രത്യേക പതിവു ചട്ടങ്ങൾ പ്രകാരവും ഒട്ടനവധി പട്ടയങ്ങൾ അനുവദിച്ചിട്ടുളളതാണ്. പ്രസ്തുത മുൻ സർവ്വെ 20/1 ൽപെട്ട ഭൂമിയിൽ റീസർവ്വെ പ്രകാരമുളള ചുവടെ ചേർക്കുന്ന മൈനർ സർക്ക്യൂട്ടുകൾ യാതൊരു കൈവശങ്ങളുമില്ലാതെയും പട്ടയങ്ങൾ അനുവദിക്കാതെയും കാട്, പുൽമേട്, പാറക്കെട്ടുകൾ എന്നീ വിഭാഗങ്ങളായി തുടരുന്ന സർക്കാർ പുറമ്പോക്ക് ഭൂമികളാണ്.

| റീസർവ്വെ നമ്പർ | വിസ്തീർണ്ണം(ഹെ.) |
|---|---|
| 17 | 48.2100 |
| 18 | 120.0000 |
| 22 | 6.6600 |
| 59 | 42.9400 |

*മുൻ സർവ്വെ 20/1ൽപ്പെട്ട ഭൂമിയിൽ 1935ൽ തന്നെ സബ് ഡിവിഷൻ നടത്തി രൂപീകരിച്ച പുതിയ സബ്ഡിവിഷനുകളാണ് 530, 531, 532, 533 എന്ന് തുടങ്ങിയവ. എന്നാൽ പ്രസ്തുത ഭൂമികളിൽ എഴുപതുകളിൽ അനുവദിച്ച പട്ടയങ്ങളിൽപ്പോലും ഇത്തരത്തിൽ പുതിയ സബ് ഡിവിഷനുകൾ രൂപീകൃതമായ വിവരങ്ങൾ രേഖപ്പെടുത്താതെ മാത്ര സർവ്വെ നമ്പരായ 20/1 എന്നു തന്നെ രേഖപ്പെടുത്താൻ ഇടയായത്, പട്ടയ സ്കെച്ചുകൾ തയ്യാറാക്കുന്നതിനായി ലിത്തോ മാപ്പുകളെ അവലംബിച്ചിട്ടുള്ളതിനാലാകണം എന്ന് അനുമാനിക്കുന്നു.*

****

# ഭാഗം – III

## 3. അപ്പോത്തിയോസിസ് ഇൻഫ്രാസ്ട്രക്ചർ പ്രൈവറ്റ് ലിമിറ്റഡ് എന്ന കമ്പനി ചിന്നക്കനാൽ വില്ലേജിൽ വിലവാങ്ങിയ ഭൂമി സംബന്ധമായ വിവരങ്ങൾ

3 (1) അപ്പോത്തിയോസിസ് ഇൻഫ്രാസ്ട്രക്ചർ പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനം ചിന്നക്കനാൽ വില്ലേജിലുൾപ്പെട്ട ഏതാനും ഭൂമികൾ വിലയ്ക്കുവാങ്ങിയിട്ടു ് എന്ന് അവകാശവാദം ഉന്നയിച്ചിട്ടുള്ളത് ചുവടെ ചേർക്കുന്ന വിലയാധാരങ്ങളെ അടിസ്ഥാനമാക്കിയാണ്.

| ക്രമ നമ്പർ | ആധാര നമ്പർ | SRO | വിസ്തീർണ്ണം | മുൻ സർവ്വെ |
|---|---|---|---|---|
| (i) | 237/2009 | രാജകുമാരി,SRO, തീയതി. 09.02.2009 | 3.94 ഏക്കർ | 20/1 |
| (ii) | 238/2009 | രാജകുമാരി,SRO, തീയതി. 09.02.2009 | 2.01 ഏക്കർ<br>2.38 ഏക്കർ | 20/1<br>20/1 |
| (iii) | 236/2009 | രാജകുമാരി,SRO, തീയതി. 09.02.2009 | 3.17 ഏക്കർ | 20/1 |
| | ആകെ | | 11.50 ഏക്കർ | |

3(2) മേൽപ്രകാരമുള്ള ആധാരങ്ങളെ അടിസ്ഥാനമാക്കി ടി കമ്പനി പോക്കുവരവിനായി സമർപ്പിച്ചിരുന്ന അപേക്ഷ, ആധാരപ്രകാരമുള്ള ഭൂമി വിവരങ്ങൾ, കൈവശ ഭൂമിയുടെ വിവരങ്ങൾ, റവന്യൂ റിക്കാർഡുകൾ സംബന്ധിച്ച രേഖപ്പെടുത്തലുകൾ എന്നിവ ചുവടെ വിശദീകരിക്കും പ്രകാരമാണ്.

### I. ആധാര നമ്പർ 237/2009

**(എ)** ഈ ആധാരപ്രകാരം **(അനുബന്ധം.4)** ചിന്നക്കനാൽ വില്ലേജിൽ ചിന്നക്കനാൽ താവളത്തിൽ ഉൾപ്പെട്ടതും മുൻ സർവ്വെ 20/1 ൽപ്പെട്ടതും 203/78 എന്ന പട്ടയപ്രകാരമുള്ളതുമായ 3.94 ഏക്കർ ഭൂമിയാണ് വിലയർത്ഥമായി 1,95,24,000 രൂപ കൈപ്പറ്റിക്കൊ ് വെള്ളൂക്കുന്നേൽ ജിമ്മി സഖറിയ എന്ന വ്യക്തി ടി കമ്പനി പ്രതിനിധിയായ ശ്രീ.ആനന്ദ് ഷെട്ടി പേരിൽ വിൽപ്പന നടത്തിയിട്ടുള്ളതെന്ന് ആധാരം, പോക്കുവരവ് അപേക്ഷ എന്നിവയിൽ നിന്നും വ്യക്തമാണ്. ടി ജിമ്മി സഖറിയയ്ക്ക് പ്രസ്തുത ഭൂമി ലഭിച്ചിട്ടുള്ളത് രാജകുമാരി SRO യിലെ 1571/2006 നമ്പർ ആധാര പ്രകാരമാണെന്ന് **(അനുബന്ധം.5)** ടി ആധാരത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു. ജിമ്മി സഖറിയയ്ക്ക് ഭൂമി ലഭിച്ചതാകട്ടെ പ്രസ്തുത ഭൂമിയ്ക്ക് പട്ടയം ലഭിച്ചു എന്ന് അവകാശവാദം ഉന്നയിക്കുന്ന മരിയദാസ് S/O മുത്തു എന്നയാളുടെ മുക്ത്യാർ ഏജന്റായ ശ്രീ. തോമസ് മൈക്കിളിൽ നിന്നാണെന്നും കാണുന്നു. മുൻ സർവ്വെ 20/1 ൽപ്പെട്ട ഭൂമിക്കാണ് പട്ടയപ്രകാരം അവകാശവാദം ഉന്നയിക്കുന്നത്. എങ്കിലും ആധാരപ്രകാരം അവകാശം കൈമാറിയിരിക്കുന്നതും ആധാരത്തിന്റെ ഭാഗമായ സ്കെച്ചു പ്രകാരവും മുൻ സർവ്വെ 495 ൽപ്പെട്ടതും എഴുപതേക്കർ എന്ന് അറിയപ്പെടുന്നതുമായ സർക്കാർ ഭൂമിയിലുൾപ്പെട്ട 3.94 ഏക്കർ ഭൂമിയാണ്.

ലവിലെ കൈവശം അവകാശപ്പെടുന്ന ഭൂമി സ്ഥല പരിശോധനയിൽ മുൻ സർവ്വെ 495 ൽ പെട്ടതും റീസർവ്വെ ബ്ലോക്ക് 6ൽ റീസർവ്വെ നമ്പർ 21, 34 എന്നിവയിൽ പ്പെട്ടതുമാണെന്ന് ബോധ്യപ്പെട്ടിട്ടുള്ളതുമാണ്.

(ബി) LA203/78 എന്ന പട്ടയത്തെ സംബന്ധിച്ച് ആയതിന്റെ ലഭ്യമായ പകർപ്പ് (അനുബന്ധം.6) പരിശോധിച്ചതിൽ പ്രസ്തുത പട്ടയം 1964ലെ കേരള ഭൂമി പതിവ് ചട്ടങ്ങൾ പ്രകാരം അനുവദിച്ചിട്ടുള്ളതായും അനുവദിച്ച തീയതിയായി 20.3.1993 എന്നു രേഖപ്പെടുത്തിയിട്ടുള്ളതായും കാണുന്നു. 1980 ലെ വനനിയമം നിലവിൽ വന്നശേഷം ഉടുമ്പൻചോല താലൂക്കിൽ 1964ലെ കേരള ഭൂമി പതിവ് ചട്ടങ്ങൾ പ്രകാരം ഭൂമിക്ക് പട്ടയങ്ങൾ അനുവദിച്ചിരുന്നില്ല. 1993ലെ വനഭൂമി കുടിയേറ്റം ക്രമീകരിക്കൽ പ്രത്യേക ചട്ടങ്ങൾ നിലവിൽ വന്നതിനുശേഷം പ്രസ്തുത ചട്ടങ്ങൾ പ്രകാരം മാത്രമാണ് ഉടുമ്പൻ ചോല താലൂക്കിൽ പിന്നീട് (1980ലെ വനനിയമം നിലവിൽ വന്നതിൽപ്പിന്നെ) ഭൂമിയ്ക്ക് പട്ടയങ്ങൾ അനുവദിച്ചിട്ടുള്ളതെന്നതു കൊ ് പ്രഥമദൃഷ്ട്യാ തന്നെ പ്രസ്തുത പട്ടയം വ്യാജമാണെന്ന് അനുമാനിക്കാവുന്നതാണ്. ഇങ്ങനെയൊരു പട്ടയം നൽകിയതായ ഒന്നുംലോ ഉടുമ്പൻചോല താലൂക്കിൽ സൂക്ഷിച്ചിട്ടുള്ള പ്രസ്തുത കാലയളവിലെ പട്ടയ രജിസ്റ്ററുകൾ (നമ്പർ II രജിസ്റ്റർ) പരിശോധിച്ചതിൽ ഇതു സംബന്ധമായ യാതൊരു രേഖപ്പെടുത്തലുകളോ ഇല്ലാത്തതിനാൽ പ്രസ്തുത പട്ടയം വ്യാജമായി ചമച്ചതാണെന്ന് ബോധ്യപ്പെട്ടിട്ടുള്ളതാണ്. മാത്രവുമല്ല, 1973 - 74 കാലഘട്ടത്തിൽ തയ്യാറാക്കിയ റീസർവ്വെ ഫെയർഫീൽഡ് രജിസ്റ്റർ പ്രകാരം ആയതിൽ ഇത്തരമൊരു പട്ടയ വിവരമോ പട്ടയ നടപടി തുടർന്നു വരുന്ന വിവരമോ കൈവശ വിവരമോ രേഖപ്പെടുത്തിയിട്ടില്ലാത്തതുമാണ്.

(സി) എൽ.എ. 203/78 എന്ന പട്ടയത്തിന്റെ പകർപ്പ്, പട്ടയപ്രകാരം ജിമ്മി സഖറിയക്ക് പ്രസ്തുത ഭൂമി കൈമാറി ലഭിച്ചതിനാധാരമായ രാജകുമാരി SRO യിലെ 1571/2006 എന്ന ആധാരം, അപ്പോത്തിയോസിസ് കമ്പനി പേരിലുള്ള കൈമാറ്റാധാരമായ രാജകുമാരി SRO യിലെ 237/09 നമ്പർ വിലയാധാരം എന്നിവയിലെ എലുകകളുടെ വിവരണം ചുവടെ ചേർക്കും പ്രകാരമാണ്.

| ദിക്കുകൾ | LA -203/78 3.94ഏക്കർ | 1571/2006 ആധാരം 3.94ഏക്കർ | 237/09 ആധാരം 3.94ഏക്കർ |
|---|---|---|---|
| കിഴക്ക് | ചിന്നൻ വക | ആന്റണി വക | സാവിയോ ഗോൺസാൽവസ് വക |
| തെക്ക് | ബാലൻ വക | കുരുവിള വക | പൊതു ഉപയോഗത്തിലുള്ള റോഡ് |
| പടിഞ്ഞാറ് | വർഗീസ് വക | വർഗീസ് വക | അയ്യപ്പൻ വക |
| വടക്ക് | സുബ്രമണി വക | സുബ്രമണി വക | ജോർജ് വക |

വിസ്തീർണ്ണത്തിൽ വ്യത്യാസമില്ലാത്ത മേൽ പ്രകാരമുള്ള കൈമാറ്റങ്ങളുടെ എലുകാ വിവരണങ്ങളിൽ നിന്നും പട്ടയപ്രകാരം ലഭിച്ചു എന്നവകാശവാദം ചെയ്യുന്ന ഭൂമിയല്ല, നിലവിലെ ആധാര കക്ഷിയായ ശ്രീ. ആനന്ദ ഷെട്ടി, അപ്പോത്തിയോസിസ് ഇൻഫ്രാസ്ട്രക്ചർ പ്രൈ. ലിമിറ്റഡ് എന്നയാൾക്കു കൈമാറിയിട്ടുള്ളതെന്നു ബോധ്യപ്പെട്ടിട്ടുള്ളതാണ്. അതായത് 20/1 എന്ന മുൻ സർവ്വെ നമ്പരിൽ പെട്ട 3.94 ഏക്കർ ഭൂമിയുടെ വിവരങ്ങളുൾപ്പെടുത്തി വ്യാജ പട്ടയം ചമയ്ക്കുകയും പിന്നീട് 2009 ലെ ആധാരം മുഖേന പ്രസ്തുത പട്ടയപ്രകാരം കൈമാറ്റം ചെയ്തുവന്നതെന്ന് അവകാശപ്പെട്ട് മുൻസർവ്വെ നമ്പർ 495 ൽപ്പെട്ട മറ്റൊരു 3.94 ഏക്കർ ഭൂമി ശ്രീ. ആനന്ദ് ഷെട്ടിക്ക് കൈമാറുകയുമാണ് തൽപര കക്ഷികൾ ചെയ്തിട്ടുള്ളത്.

(ഡി) ഇതു കൂടാതെ മേൽ പരാമർശിച്ചിട്ടുള്ള രാജകുമാരി SRO യിലെ 1571/2006 എന്ന ആധാരത്തെ അടിസ്ഥാനമാക്കി ഒരേ വ്യാജപട്ടയം ഉപയോഗിച്ച് ഇതേ ജിമ്മി സഖറിയ എഴുപതേക്കറിൽ നിന്നും ഉദ്ദേശം 3 കി.മീ. മാറിയുള്ള മറ്റൊരു സർക്കാർ ഭൂമി കൈവശപ്പെടുത്തിയിട്ടുള്ളതും ആയതിൽ 'കാലിപ്സോ അഡ്വഞ്ചേഴ്സ്' എന്ന

സ്ഥാപനം നടത്തിവരുന്നതുമാണ്. ടി 'കാലിപ്സോ അഡ്വഞ്ചേഴ്സ്' നിൽക്കുന്ന പ്രദേശം റീ സർവ്വെ പ്രകാരം ബ്ലോക്ക് 7 ൽപ്പെട്ടതും റിസർവ്വെ നമ്പർ 10pt,11pt, 23/2pt-ൽപെട്ടതുമായ ഭൂമിയാണ്. പ്രസ്തുത ഭൂമിക്ക് പട്ടയം ലഭിച്ചു എന്ന് അവകാശപ്പെടുന്നയാളായ ശ്രീ. മരിയദാസ് പേരിൽ ചിന്നക്കനാൽ വില്ലേജിൽ 1191 നമ്പരായി ത ഷേർ (അനുബന്ധം.7) നിലവിലു ായിരുന്നതും ആയതിന് 1571/2006 എന്ന ആധാരത്തിന്റെ അടിസ്ഥാനത്തിൽ ജിമ്മി സഖറിയ പേരിൽ 3542-ാം നമ്പരായി ത ഷേർ (അനുബന്ധം.8) അനുവദിക്കുകയും ചെയ്തിരുന്നു. എന്നാൽ വ്യാജ പട്ടയം എന്നു ബോധ്യപ്പെട്ടതിനെ തുടർന്ന് 24.8.2013 ലെ ജി5- 979/2008 നമ്പർ ഉത്തരവു പ്രകാരം (അനുബന്ധം.9) പ്രസ്തുത ത ഷേർ ഉടുമ്പൻചോല തഹസിൽദാർ റദ്ദു ചെയ്തിരുന്നതുമാണ്. ഇതേ ആധാരവും പട്ടയവും അടിസ്ഥാനമാക്കിയാണ് ടി ജിമ്മി സഖറിയ മറ്റൊരു സർക്കാർ ഭൂമി അപ്പോത്തിയോസിസ് എന്ന കമ്പനിക്ക് കൈമാറിയിട്ടുള്ളതെന്ന് അന്വേഷണത്തിൽ ബോധ്യപ്പെട്ടിട്ടുള്ളതാണ്.

(ഇ) മേൽപ്രകാരം ബന്ധപ്പെട്ട പട്ടയ ഫയലോ ഭൂമിപതിവു രജിസ്റ്ററുകളിൽ രേഖപ്പെടുത്തലുകളോ ഇല്ലാത്ത 203/78 നമ്പർ പട്ടയത്തിലുൾപ്പെട്ട ഭൂമിക്ക് ഉടുമ്പൻചോല തഹസിൽദാർ 06.9.2007ൽ സി1-8580/09/07/കെ.ഡിസ്. നമ്പരായി 'നിജസ്ഥിതി സർട്ടിഫിക്കറ്റും'(അനുബന്ധം.10) 13.09.2007ൽ എ6-8649/2007 നമ്പരായി വസ്തു കൈമാറ്റം ചെയ്യുന്നതിന് അനുമതി പത്രവും (അനുബന്ധം.11) നൽകിയിട്ടുള്ളതായി 237/2009 എന്ന ആധാരത്തിലും പോക്കുവരവ് അപേക്ഷയോടൊപ്പം ഹാജരാക്കിയ റിക്കാർഡുകൾ പ്രകാരവും കാണുന്നു. ഉടുമ്പൻചോല താലൂക്ക് ഓഫീസിലെ രേഖകൾ പരിശോധിച്ചതിൽ മേൽപറഞ്ഞ ര ു സാക്ഷ്യപത്രങ്ങളും നൽകിയിരിക്കുന്നത് ടി തീയതിയിൽ തഹസിൽദാരായിരുന്ന ശ്രീ. പി.എം. ജേക്കബ് എന്നയാളാണ്. 2007 സെപ്റ്റംബർ മാസത്തെ ഉടുമ്പൻചോല താലൂക്ക് ഓഫീസിലെ ഹാജർ പുസ്തകത്തിന്റെ പകർപ്പ് (അനുബന്ധം.12) ആയി ചേർത്തിരിക്കുന്നു. കോട്ടയം സ്വദേശിയായ ടിയാൻ പിന്നീട് ഡെപ്യൂട്ടി കളക്ടർ തസ്തികയിൽ സേവനത്തിൽ നിന്നും വിരമിച്ചിട്ടുള്ളതുമാണ്. ഇത്തരം തെറ്റായ സാക്ഷ്യപത്രങ്ങൾ ലഭിച്ചു എന്നത് വ്യാജ പട്ടയത്തിനോ വ്യാജ ആധാരത്തിനോ ഒരു നിലയ്ക്കും സാധൂകരണമാകുന്നില്ല എന്നത് പ്രസക്തമാണ്. പ്രസ്തുത സർട്ടിഫിക്കറ്റുകൾ അനുവദിച്ചതുമായി ബന്ധപ്പെട്ട ഫയലുകൾ താലൂക്കോഫീസിൽ നിന്നും പരിശോധനയ്ക്കായി ആവശ്യപ്പെട്ടിരുന്നെങ്കിലും ആയത് ലഭ്യമല്ല എന്ന സാക്ഷ്യപത്രങ്ങളാണ് (അനുബന്ധം.13(1), 13(2)) നിലവിലെ തഹസിൽദാരിൽ നിന്നും ലഭിച്ചിട്ടുള്ളത്. വസ്തു കൈമാറ്റം ചെയ്യുന്നതിന് അനുമതി പത്രം അനുവദിച്ചുകൊ ുള്ള സർട്ടിഫിക്കറ്റുമായി ബന്ധപ്പെട്ടുള്ള തപാലുകൾ വിതരണ പതിവേടിൽ നിന്നും കൈപ്പറ്റിയിട്ടുള്ളത് ക്ലാർക്കായി സേവനമനുഷ്ഠിച്ചിരുന്ന ശ്രീ. ജോർജ് ജോസഫ് (നിലവിൽ കട്ടപ്പന അഡീ. ഗവ. പ്ലീഡറുടെ കാര്യാലയത്തിൽ സീനിയർ ക്ലാർക്കായി സേവനമനുഷ്ഠിച്ചു വരുന്നു.)ആണെന്ന് വിതരണ പതിവേട് (അനുബന്ധം.14) പരിശോധിച്ചതിൽ ബോധ്യപ്പെട്ടിട്ടുള്ളതാണ്.

(എഫ്) ടി 237/2009 എന്ന ആധാരം, 203/78 എന്ന വ്യാജ പട്ടയം എന്നിവ സംബന്ധിച്ച് സ്വീകരിക്കാവുന്ന നടപടികൾ ചുവടെ ചേർക്കുന്നു.

(i) 203/78 എന്ന പട്ടയം വ്യാജമായി ചമച്ചതാണെന്നു ബോധ്യപ്പെട്ട സാഹചര്യത്തിൽ ആയത് അസാധുവായി പ്രഖ്യാപിക്കുന്നതിന് പതിവധികാരിയായ ഉടുമ്പൻചോല തഹസിൽദാരെ ചുമതലപ്പെടുത്താവുന്നതാണ്. (ഈ പട്ടയം റവന്യു വകുപ്പ് അനുവദിച്ചിട്ടില്ലാത്ത താകയാൽ റദ്ദുചെയ്യുന്നതിന് നിർവ്വാഹമില്ലാത്തതാണ്. മറിച്ച് അസാധുവായി പ്രഖ്യാപിക്കുകയാണ് വേ ത്).

(ii) സർക്കാർ ഭൂമി കൈവശപ്പെടുത്തുന്നതിനായി വ്യാജ പട്ടയം ചമയ്ക്കുകയും തുടർന്ന് അതിന്റെ അടിസ്ഥാനത്തിൽ വ്യാജ ആധാരം ചമച്ച് സർക്കാർ ഭൂമി കൈമാറ്റം ചെയ്യുകയും ചെയ്ത (1)ശ്രീ. മരിയദാസ്, S/O മുത്തു, പെരിയകനാൽ എസ്റ്റേറ്റ്, ടി മരിയദാസ് പേരിലുള്ള വ്യാജ ആധാരം ഉപയോഗിച്ചും മുക്ത്യാർ ഉപയോഗിച്ചും വ്യാജ ആധാരം ചമച്ച് ശ്രീ. ജിമ്മി സഖറിയ പേരിൽ ഭൂമി കൈമാറ്റം നടത്തിയ (2) ശ്രീ. മൈക്കിൾ കള്ളിവയലിൽ, സൂര്യനെല്ലി, വ്യാജ ആധാര പ്രകാരം വീ ും വ്യാജ

ആധാരം ചമച്ച് ഭൂമി കൈമാറ്റം നടത്തിയ (3) ശ്രീ. ജിമ്മി സഖറിയ എന്നിവർക്കെതിരെ CrPC പ്രകാരം കേസ് രജിസ്റ്റർ ചെയ്യാവുന്നതാണ്.

(iii) ശ്രീ. ജിമ്മി സഖറിയ, അപ്പോത്തിയോസിസ് കമ്പനിയധികൃതർ എന്നിവർ ചേർന്ന് 9.2.2009 തീയതിയിൽ രാജകുമാരി SRO യിൽ വച്ച് 237/2009 എന്ന വ്യാജ ആധാരം ചമച്ച് സർക്കാർ ഭൂമി കൈമാറ്റം ചെയ്യുന്നതിലേക്ക് വ്യാജ രേഖയു ാക്കിയിട്ടുള്ളത് 1957 ലെ കേരള ഭൂസംരക്ഷണ നിയമത്തിലെ 7 ബി വകുപ്പു പ്രകാരം ശിക്ഷാർഹമായ കുറ്റകൃത്യമാകയാൽ ( 1957 ലെ ഭൂ സംരക്ഷണ നിയമത്തിലെ 7ബി വകുപ്പ് ഭേദഗതിക്ക് 8.11.2008 മുതൽ പ്രാബല്യമുള്ളതാണ്.) ടി ര ു പേർക്കുമെതിരെ പ്രസ്തുത വകുപ്പ് പ്രകാരം കേസ് രജിസ്റ്റർ ചെയ്യുന്നതിന് ഉടുമ്പൻചോല തഹസിൽദാരെ ചുമതലപ്പെടുത്താവുന്നതാണ്.

(iv) ടി വ്യാജ രേഖയുടെയും വ്യാജ ആധാരത്തിന്റെയും അടിസ്ഥാനത്തിൽ ശ്രീ. ജിമ്മി സഖറിയ കൈവശപ്പെടുത്തിയിട്ടുള്ളതും നിലവിൽ 'കാലിപ്സോ അഡ്വഞ്ചേഴ്സ്' എന്ന സ്ഥാപനം പ്രവർത്തിച്ചു വരുന്നതുമായ ചിന്നക്കനാൽ വില്ലേജിൽ ചിന്നക്കനാൽ താവളം മുൻ സർവ്വെ 34/1 ൽപ്പെട്ടതും റീസർവ്വെ ബ്ലോക്ക്-7 ൽ 10pt, 11pt, 23pt എന്നിവയിൽപ്പെട്ടതുമായ ഭൂമി നിലവിൽ തുടർന്നുവരുന്ന നടപടികൾക്കും കോടതി നടപടികൾ ഉള്ളപക്ഷം ആയതിനും വിധേയമായി ഭൂസംരക്ഷണ നിയമപ്രകാരം അടിയന്തിരമായി ഏറ്റെടുക്കുന്നതിന് ഉടുമ്പൻചോല തഹസിൽദാർക്ക് നിർദ്ദേശം നൽകാവുന്നതാണ്.

(v) വ്യാജപട്ടയത്തെ അടിസ്ഥാനമാക്കിയും പട്ടയങ്ങളിലെ യഥാർത്ഥ വിവരങ്ങൾ മറച്ചുവച്ചും സർക്കാർ ഭൂമി കൈമാറുന്നതിന് ഉദ്ദേശിച്ച് തെറ്റായ വിവരങ്ങൾ ഉൾക്കൊള്ളിച്ച് തയ്യാറാക്കിയ രാജകുമാരി എസ്.ആർ.ഒ. യിലെ, 237/09 ( ടി ആധാരം 09.02.09 തീയതിയിലാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത്) എന്നീ വിലയാധാരങ്ങൾ റദ്ദുചെയ്യുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ രജിസ്ട്രേഷൻ ഐ.ജി ക്ക് നൽകുന്നതിന് ഇടുക്കി ജില്ലാകളക്ടറെ ചുമതലപ്പെടുത്താവുന്നതാണ്.

(vi) 203/78 നമ്പർ പട്ടയത്തിലുൾപ്പെട്ട ഭൂമിക്ക് 6.9.2007ൽ സി1-8580/09/07/കെ.ഡിസ്. നമ്പരായി 'നിജസ്ഥിതി സർട്ടിഫിക്കറ്റും' 13.8.2007ൽ എ6-8649/2007 നമ്പരായി വസ്തു കൈമാറ്റം ചെയ്യുന്നതിന് അനുമതി പത്രവും അനുവദിച്ച മുൻ ഉടുമ്പൻചോല തഹസിൽദാരായിരുന്ന ശ്രീ. പി.എം. ജേക്കബിനെതിരെ, ടിയാൻ ഡെ. കളക്ടറായി വിരമിച്ച സാഹചര്യത്തിൽ ഉചിതമായ അച്ചടക്ക നടപടികൾ സർക്കാർ തലത്തിൽ സ്വീകരിക്കാവുന്നതാണ്.

(vii) 203/78 നമ്പർ പട്ടയത്തിലുൾപ്പെട്ട ഭൂമിക്ക് ഉടുമ്പൻചോല തഹസിൽദാർ 13.8.2007ൽ എ6-8649/2007 നമ്പരായി വസ്തു കൈമാറ്റം ചെയ്യുന്നതിന് അനുമതി പത്രം അനുവദിച്ച വിഷയത്തിൽ വിതരണ പതിവേടിൽ നിന്നും തപാൽ കൈപ്പറ്റിയതായി ബോധ്യപ്പെട്ട മുൻ ഉടുമ്പൻചോല താലൂക്ക് ഓഫീസിലെ ക്ലാർക്കും ഇപ്പോൾ കട്ടപ്പന അഡീ. ഗവ. പ്ലീഡറുടെ കാര്യാലയത്തിൽ സീനിയർ ക്ലാർക്കായി സേവനമനുഷ്ഠിച്ചു വരുന്നയാളുമായ ജോർജ്ജ് ജോസഫ്, പ്രസ്തുത സാക്ഷ്യപത്രങ്ങൾ അനുവദിക്കുന്നതിൽ പങ്കു വഹിച്ചയാളും പ്രസ്തുത സെക്ഷൻ സൂപ്ര ുമായിരുന്ന ശ്രീ.പി. ഉണ്ണികൃഷ്ണൻ നായർ എന്നിവർക്കെതിരെ കർശനമായ അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതിന് ലാൻഡ് റവന്യൂ കമ്മീഷണറെ ചുമതലപ്പെടുത്താവുന്നതാണ്.

(viii) 237/2009 എന്ന ആധാരത്തിന്റെ ഭാഗമായി ഉൾപ്പെടുത്തിയിട്ടുള്ളതും ചിന്നക്കനാൽ വില്ലേജ് ഓഫീസർ തയ്യാറാക്കിയിട്ടുള്ളതുമായ ലൊക്കേഷൻ സ്കെച്ചിൽ എഴുപതേക്കർ സർക്കാർ ഭൂമിക്കുള്ളിൽ വ്യാജ പട്ടയപ്രകാരമുള്ള സ്ഥലം ഉൾക്കൊള്ളിച്ച് സാക്ഷ്യപ്പെടുത്തിയിരുന്നു. ഇപ്രകാരം 1883/2007 എന്ന തെറ്റായ ലൊക്കേഷൻ സ്കെച്ച്

(അനുബന്ധം.15(1), 15(2)) തയ്യാറാക്കി നൽകിയ വില്ലേജ് ഓഫീസർക്കെതിരെയും കർശനമായ ശിക്ഷാ നടപടികൾ സ്വീകരിക്കാവുന്നതാണ്.

(ix) ഭൂമിയുടെ നിജസ്ഥിതി സർട്ടിഫിക്കറ്റ്, ഭൂമി വില്പന നടത്തുന്നതിനുള്ള അനുമതി പത്രം എന്നിങ്ങനെ ര ിനം സാക്ഷ്യപത്രങ്ങൾ യാതൊരു സർക്കാർ ഉത്തരവിന്റെയോ അതുമല്ലെങ്കിൽ ഏതെങ്കിലും നിയമങ്ങളുടെയോ, ചട്ടങ്ങളുടെയോ പിൻബലം കൂടാതെ ഇടുക്കി ജില്ലയിലെ ദേവികുളം, ഉടുമ്പൻചോല താലൂക്കുകളിൽ വ്യാപകമായി അനുവദിച്ചുവരുന്നു. ഇത്തരം സർട്ടിഫിക്കറ്റുകൾ അനുവദിക്കുന്നതിൽ വ്യാപകമായ അഴിമതിയും ക്രമക്കേടുകളും ഉള്ളതായും ഇത്തരത്തിൽ സമ്പാദിക്കുന്ന സർട്ടിഫിക്കറ്റുകൾ ഉപയോഗിച്ച് വ്യപകമായ തോതിൽ ഭൂമികൈയേറ്റവും ഭൂമിതട്ടിപ്പും നടത്തിവരുന്നതായും അറിയാൻ കഴിഞ്ഞിട്ടുള്ളതാണ്. മേൽ സാഹചര്യത്തിലും ഇത്തരം സാക്ഷ്യപത്രങ്ങൾ അനുവദിക്കുന്നതിന് റവന്യു അധികാരികളെ ചുമതലപ്പെടുത്തിയിട്ടില്ലാത്ത സാഹചര്യത്തിലും ടി സാക്ഷ്യപത്രങ്ങൾ മേലിൽ അനുവദിക്കേ തില്ലെന്ന് സർക്കാർ ഉത്തരവാകാവുന്നതാണ്.

**II. ആധാര നമ്പർ 238/2009, 236/2009**

(എ) ചിന്നക്കനാൽ വില്ലേജിൽ മുൻസർവ്വെ 20/1 ൽപ്പെട്ട 4.39 ഏക്കർ ഭൂമി ഇൻസ്റ്റിറ്റ്യൂട്ട് ഒഫ് ബ്രദേഴ്സ് ഒഫ് സെന്റ് ഗബ്രിയൽ എന്ന സ്ഥാപനം ടി സ്ഥാനപത്തിന്റെ മുക്ത്യാർകാരനായ സൂര്യനെല്ലി വെള്ളൂക്കുന്നേൽ ജിമ്മി സഖറിയ എന്ന വ്യക്തി വഴി അപ്പോത്തിയോസിസ് ഇൻഫ്രാസ്ട്രക്ചർ പ്രൈ. ലിമിറ്റഡ് എന്ന കമ്പനിക്ക് 2,17,47,500 രൂപ വിലയർത്ഥം പറ്റിക്കൊ ് 9.2.2009ന് രാജകുമാരി SRO യിലെ 238/2009-ാം നമ്പർ ആധാരം (അനുബന്ധം.16) മുഖേന കൈമാറിയിട്ടുള്ളതാണ്. ടി ആധാരപ്രകാരം കൈമാറിയിട്ടുള്ള വസ്തുക്കളിൽ 2.01 ഏക്കർ വസ്തു LA- 91/71-ാം നമ്പർ പട്ടയപ്രകാരം (അനുബന്ധം.17) ആർ. ചിന്നമുത്തു, പെരിയകനാൽ, ചിന്നക്കനാൽ എന്നയാളിന് സിദ്ധിച്ചിട്ടുള്ളതാണ്. ടി 2.01 ഏക്കർ ഭൂമി 1177/1995 എന്ന ആധാര പ്രകാരം (അനുബന്ധം.18) ഇൻസ്റ്റിറ്റ്യൂട്ട് ഒഫ് ബ്രദേഴ്സ് ഒഫ് സെന്റ് ഗബ്രിയൽ എന്ന സ്ഥാപനത്തിനു കൈമാറി ലഭിച്ചിരുന്നതുമാണ്. പട്ടയം, മുന്നാധാരം, നിലവിലെ ആധാരമായ 238/2009 എന്ന വിലയാധാരം എന്നിവ പ്രകാരമുള്ള എലുകകൾ ചുവടെ ചേർക്കും പ്രകാരമാണ്:

| ദിക്കുകൾ | എൽ.എ. 91/71പട്ടയം | 1177/95നമ്പർ ആധാരം | 238/09 നമ്പർ ആധാരം |
|---|---|---|---|
| വടക്ക് | മലയാളം പ്ലാന്റേഷൻ | മലയാളം പ്ലാന്റേഷൻ | പൊതു റോഡ് |
| തെക്ക് | പുൽമേട് | പുൽമേട് | ഇൻസ്റ്റിറ്റ്യൂട്ട് ഒഫ് ബ്രദേഴ്സ് ഒഫ് സെന്റ് ഗബ്രിയൽ വക |
| പടിഞ്ഞാറ് | രാജഗോപാൽ വക, പുൽമേട് | പുൽമേട് | ജിമ്മി സഖറിയ വക |
| കിഴക്ക് | മലയാളം പ്ലാന്റേഷൻ | മലയാളം പ്ലാന്റേഷൻ | മലയാളം പ്ലാന്റേഷൻ |

ടി എലുകകൾ പരിശോധിച്ചതിൽ പട്ടയപ്രകാരമുള്ള ഭൂമി മുൻ സർവ്വെ 20/1 ൽ പെട്ടതാണെങ്കിലും 238/2009 നമ്പരായുള്ള വിലയാധാര പ്രകാരവും പ്രസ്തുത ആധാരത്തിനൊപ്പം ഉൾക്കൊള്ളിച്ചിട്ടുള്ളതുമായ

പ്കെച്ചു പ്രകാരവും കൈമാറി നൽകിയിട്ടുള്ളത് എഴുപതേക്കർ എന്ന സർക്കാർ വക വസ്തുവിലുൾപ്പെട്ടു വരുന്നതും മുൻ സർവ്വെ 495 ൽ പെട്ടതുമായ ഭൂമിയാണ്. ടി മൂന്നു രേഖകളിലും പരാമർശിച്ചിട്ടുള്ള എലുകകളിലെ വ്യത്യാസം പട്ടയപ്രകാരമുള്ള ഭൂമിയല്ല കൈമാറ്റം ചെയ്തിട്ടുള്ളതെന്നതിനെ സാധൂകരിക്കുന്നതാണ്.

(ബി) 1973-74 കാലഘട്ടത്തിൽ തയ്യാറാക്കിയ റീ സർവ്വെ ഫെയർ ലാൻഡ് രജിസ്റ്ററിൽ ടി LA 91/1971 എന്ന പട്ടയത്തിന് ആധാരമായ ഭൂമി റീ സർവ്വെ റിക്കാർഡുകൾ പ്രകാരം ബ്ലോക്ക് 6 ൽ റീ സർവ്വെ നമ്പർ 35/1,3 എന്നിവയിലുൾപ്പെട്ടും ചിന്നമുത്തുവിന്റെ കൈവശത്തിൽ കൊ ുകിടക്കുന്നതാണെന്നും രേഖപ്പെടുത്തിയിരിക്കുന്നു. ഇതു പ്രകാരം 530 എന്ന മുൻ സർവ്വെ നമ്പരിൽ പെട്ടതാണ് പ്രസ്തുത ഭൂമി. ഇതിൽ നിന്നും എൽ.എ. 91/71 എന്ന പട്ടയത്തിൽ കൈവശ ഭൂമിയുടെ ശരിയായ മുൻ സർവ്വെ നമ്പരായ 530 എന്നതിനു പകരം തെറ്റായി 20/1 എന്ന മുൻ സർവ്വെ നമ്പർ രേഖപ്പെടുത്താനിടയായതാണെന്ന് അനുമാനിക്കാവുന്നതാണ്. എന്നാൽ ഈ വസ്തുതകൾ മറച്ചു വച്ചുകൊ ് മുൻ സർവ്വെ 20/1 ൽ പെട്ടതോ മുൻ സർവ്വെ 530 ൽ പെട്ടതോ അല്ലാത്തതായ മറ്റൊരു ഭൂമിയാണ് (മുൻ സർവ്വെ 495 ൽ പെട്ടതും എഴുപതേക്കർ എന്നറിയപ്പെടുന്നതുമായ സർക്കാർ ഭൂമി) ടി കക്ഷികൾ 238/09 നമ്പർ ആധാര പ്രകാരം നിയമ വിരുദ്ധമായി കൈമാറ്റം ചെയ്തിട്ടുള്ളത്. 1964 ലെ കേരള ഭൂമി പതിവു ചട്ടങ്ങളിലെ ചട്ടം 2 ബി പ്രകാരം പട്ടാദാരൻ (Assignee) എന്നതിൽ അങ്ങനെയുള്ളയാളിന്റെ Legal heirs, Successors-in- interst എന്നിവരും ഉൾപ്പെടുന്നതാണ്. എന്നാൽ ഈ കേസിൽ പട്ടാദാരനായ ചിന്നമുത്തു പട്ടയ പ്രകാരമുള്ള ഭൂമിയല്ല കൈമാറിയിട്ടുള്ളതെന്നതിനാൽ 238/2009 എന്ന വിലയാധാര പ്രകാരം ഭൂമി കൈമാറി കിട്ടിയെന്ന് അവകാശവാദമുന്നയിക്കുന്ന അപ്പോത്തിയോസിസ് എന്ന കമ്പനിയെ Successor-in- interst ആയി കണക്കാക്കാൻ കഴിയാത്തതും പട്ടയത്തിലെ സർവ്വെ നമ്പർ ടി കമ്പനി പേരിൽ തിരുത്തി നൽകാൻ സാധ്യമല്ലാത്തതുമാണ്.

(സി) രാജകുമാരി എസ്.ആർ.ഒയിലെ 09.02.09ലെ 236/09 നമ്പർ ആധാര പ്രകാരം **(അനുബന്ധം.19)** ചിന്നക്കനാൽ വില്ലേജിൽ മുൻ സർവ്വെ നമ്പർ 20/1ൽ പ്പെട്ട 3.17 ഏക്കർ ഭൂമി വെള്ളൂക്കുന്നേൽ ജിമ്മി സഖറിയ ( ശ്രീ.സാവിയോ ഗോൺ സ്സാൽവസിനുവേ ി മുക്ത്യാർ എന്ന നിലയിൽ) അപ്പോത്തിയോസിസ് ഇൻഫ്രാസ്ട്രക്ച്ചർ പ്രൈവറ്റ് ലിമിറ്റഡ് എന്ന കമ്പനിക്ക് 1,95,24000/-രൂപ കൈപ്പറ്റിക്കൊ ് കൈമാറിയിരുന്നു. ടി 3.17 ഏക്കർ ഭൂമിയും മേൽ(എ) ഉപഖണ്ഡികയിൽ പരാമർശിച്ചിട്ടുള്ളതു പ്രകാരം 238/09-ാം നമ്പർ ആധാരത്തിലെ എൽ.എ -91/71 എന്ന പട്ടയ പ്രകാരമുള്ള 2.01 ഏക്കർ കഴിച്ചുള്ള 2.38 ഏക്കറും ഉൾപ്പെടെ ആകെ 5.55 ഏക്കർ ഭൂമിയ്ക്ക് ചുവടെ ചേർക്കും പ്രകാരം പട്ടയങ്ങൾ അനുവദിച്ചുകാണുന്നു.

| ക്രമ നം. | പട്ടയ നം. | പട്ടയ പ്രകാരമുള്ള സർവ്വെ നം.(മുൻ സർവ്വെ) | വിസ്തീർണ്ണം (ഏക്കർ) | പട്ടാദാരന്റെ പേര് | കൈമാറ്റത്തിലുള്ള പ്ലോട്ട് ഭൂമിയുടെ സർവ്വെ നം. | |
|---|---|---|---|---|---|---|
| | | | | | മുൻ സർവ്വെ | റീ സർവ്വെ (Bl-6) |
| 1 | എൽ.എ-90/71 | 20/1 | 1.00 | കെ.ബാലകൃഷ്ണൻ | 530 | 32/1,3 |
| 2 | എൽ.എ-96/71 | 20/1 | 2.25 | ജി.പെരുമാൾ | 526<br>530 | 32//4<br>37/5 |
| 3 | എൽ.എ-89/71 | 20/1 | 2.30 | കെ.രാജഗോപാൽ | 532 | 33/4 |

ടി പട്ടയ കക്ഷികൾ ചേർന്ന് രാജകുമാരി എസ്.ആർ.ഒയിലെ 1312/94 നമ്പർ ആധാര പ്രകാരം **(അനുബന്ധം.20)** ആകെയുള്ള 5.55 ഏക്കർ വസ്തു ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ബ്രദേഴ്സ് ഓഫ് സെന്റ് ഗ്രബ്രിയേൽ എന്ന സ്ഥാപനത്തിന് കൈമാറിയിരുന്നു. 1973-74 കാലഘട്ടത്തിൽ തയ്യാറാക്കിയ റീസർവ്വെ ഫെയർലാന്റ് രജിസ്റ്റർ പ്രകാരം എൽ.എ-90/71 **(അനുബന്ധം.21)** എന്ന പട്ടയ പ്രകാരമുള്ള പതിവ് ഭൂമി സംബന്ധിച്ചും

പട്ടാദാരനായ ശ്രീ.കെ.ബാലകൃഷ്ണന്റെ പ്രസ്തുത ഭൂമിയിലെ കൈവശം സംബന്ധിച്ചും രേഖപ്പെടുത്തിയിട്ടുള്ള റീസർവ്വെ 32/1,3 (മുൻ സർവ്വെ-530) എന്നിവയിലാണ്. എൽ.എ.96/71 **(അനുബന്ധം.22)** പ്രകാരമുള്ള പതിവ വിവരങ്ങളും പട്ടാദാരനായ ശ്രീ.ജി.പെരുമാളിന്റെ പ്രസ്തുത ഭൂമിയിലെ കൈവശ വിവരങ്ങളും റീസർവ്വെ നമ്പർ-32/4,37/5 (മുൻ സർവ്വെ-526, 530)എന്നിവയിലും എൽ.എ-89/71 **(അനുബന്ധം.23)** പ്രകാരമുള്ള പതിവ് വിവരങ്ങളും പട്ടാദാരനായ ശ്രീ.കെ.രാജഗോപാലിന്റെ പ്രസ്തുത ഭൂമിയിന്മേലുള്ള കൈവശം സംബന്ധിച്ചുള്ള വിവരങ്ങൾ റീസർവ്വെ 33/4(മുൻ സർവ്വെ-532)ലുമായാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഫെയർലാന്റ് രജിസ്റ്റർ പ്രകാരം കൈവശ ഭൂമിയുടെ സർവ്വെ നമ്പരല്ല പട്ടയങ്ങളിൽ ചേർത്ത് നൽകിയിട്ടുള്ളതെന്ന് വ്യക്തമാണ്. എന്നാൽ കൈവശഭൂമിയോ പട്ടയത്തിൽ രേഖപ്പെടുത്തിയ സർവ്വെ നമ്പർ പ്രകാരമുള്ള ഭൂമിയോ അല്ലാതെ ഇവയുമായി യാതൊരു ബന്ധമില്ലാത്തതും 70 ഏക്കർ എന്ന സർക്കാർ ഭൂമിയിൽപ്പെട്ടതുമായ ഭൂമികളാണ് മേൽപ്പറഞ്ഞ 5.55 ഏക്കർ ഭൂമിയായി കൈമാറ്റം ചെയ്തിട്ടുള്ളത്.

ടി 5.55ഏക്കർ ഭൂമിയിൽ 3.17 ഏക്കർ ഭൂമി രാജകുമാരി എസ്.ആർ.ഒയിലെ 579/2007 നമ്പർ ആധാരപ്രകാരം **(അനുബന്ധം.24)** ശ്രീ.സാവിയോ ഗോൺസാൽവസ്, ബത്‌ലഹേം, പള്ളുരുത്തി എന്ന വ്യക്തിക്ക് വില്പന നടത്തിയിരിക്കുന്നു. ടി സാവിയോ ഗോൺസാൽവസ്, 236/2009 ആധാര പ്രകാരം അതേ 3.17ഏക്കർ വസ്തു അപ്പോത്തിയോസിസ് എന്ന കമ്പനിക്ക് വില്പന നടത്തിയപ്പോൾ ആധാരത്തിന്റെ എലുകകൾ പൂർണ്ണമായും മാറ്റിയിട്ടുള്ളതും ഇത്തരത്തിൽ മാറ്റം വരുത്തിയ എലുകകൾക്ക് അനുസരണമായ ഒരു സ്കെച്ച് ആധാരത്തിന്റെ ഭാഗമായി ഉൾക്കൊള്ളിക്കുകയും ചെയ്തിട്ടുള്ളതാണ്. ഇത്തരത്തിൽ എലുകകൾ മാറ്റിക്കൊ ും വ്യാജ സ്കെച്ച് ഉൾക്കൊളളിച്ചുക്കൊ ും പ്രസ്തുത ആധാരപ്രകാരം കൈമാറ്റം ചെയ്തിട്ടുള്ളത് എഴുപത് ഏക്കർ എന്നറിയപ്പെടുന്ന സർക്കാർ വകയിലുൾപ്പെട്ട ഭൂമിയാണ്. പട്ടയകക്ഷികൾ ചേർന്ന് എഴുതിക്കൊടുത്ത 1312/94 എന്ന ആധാരത്തിലെ എലുകകൾ ചുവടെ ചേർക്കും പ്രകാരമാണ്.

| **പട്ടയ നമ്പർ** | **വിസ്തീർണ്ണം** | **ദിക്ക്** | **എലുക** |
|---|---|---|---|
| എൽ.എ-90/71 | 1ഏക്കർ | കിഴക്ക് | കൃഷ്ണൻ വക |
| | | തെക്ക് | പുൽമേട് |
| | | മേക്ക് | പുൽമേട് |
| എൽ.എ-96/71 | 2.25 ഏക്കർ | കിഴക്ക് | പുൽമേടും മലയാളം പ്ലാന്റേഷൻസും |
| | | തെക്ക് | രാജഗോപാൽ വക |
| | | മേക്ക് | കൃഷ്ണൻ വക |
| എൽ.എ-89/71 | 2.30ഏക്കർ | കിഴക്ക് | ചിന്നമുത്തു വക |
| | | തെക്ക് | ബാലകൃഷ്ണൻ വക |
| | | മേക്ക് | പട്ടരുമഠം വക |

മേൽ ചേർത്ത 5.55 ഏക്കർ ഭൂമിയിൽ നിന്നും 579/07 എന്ന ആധാര പ്രകാരവും അതേ തുടർന്ന് 236/09 നമ്പർ ആധാര പ്രകാരവുമായി 3.71 ഏക്കർ ഭൂമി കൈമാറ്റം ചെയ്തപ്പോൾ ഭൂമിക്ക് സബ് ഡിവിഷനോ മറ്റ് മാറ്റങ്ങളോ ഇല്ലാതിരുന്നിട്ടു കൂടി 579/07 എന്ന ആധാരത്തിൽ രേഖപ്പെടുത്തിയിരുന്നതിൽ നിന്നും തികച്ചും വിഭിന്നമായ എലുകകളാണ് 236/09 എന്ന ആധാരത്തിൽ രേഖപ്പെടുത്തിയിരുന്നത്. ടി ര ് ആധാരങ്ങളിലേയും എലുകാവിവരണങ്ങൾ ചുവടെ ചേർക്കുന്നു.

| **ദിക്ക്** | **ആധാര നമ്പർ 579/07** | **ആധാര നമ്പർ 236/09** |
|---|---|---|
| കിഴക്ക് | ജിമ്മി സഖറിയ വക | ഹാരിസൺസ് മലയാളം വക |
| വടക്ക് | ബാബു മാത്യു വക | ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ബ്രദേഴ്സ് ഓഫ് സെന്റ് ഗബ്രിയേൽ വക |
| പടിഞ്ഞാറ് | കുരുവിള ജോർജ്ജ് വക | ജിമ്മി സഖറിയ |
| തെക്ക് | ജിമ്മി സഖറിയ വക | ജോർജ്ജ് വക |

മേൽ എലുകകൾ പരിശോധിച്ചതിൽ നിന്നും അപ്പോത്തിയോസിസ് എന്ന കമ്പനിക്ക് ഭൂമി കൈമാറിക്കൊ ് ആധാരം ചമച്ചപ്പോൾ മനപൂർവ്വമായി മറ്റ് ഭൂമികളുടെ എലുകകൾ ചേർത്ത് ഭൂമി കൈമാറ്റം നടത്തുകയാണു ായത് എന്നത് സുവ്യക്തമാണ്.

(ഡി) 579/07, 236/09 എന്നീ ആധാരങ്ങളിൽ ഉൾപ്പെട്ട ഭൂമികൾ, പട്ടയങ്ങൾ എന്നിവ സംബന്ധിച്ചും 237/09 നമ്പർ എന്ന ആധാരത്തിലേതിനു സമാനമായി നിജസ്ഥിതി സർട്ടിഫിക്കറ്റ് (സി1-8580/19/07/കെ.ഡിസ് **(അനുബന്ധം.25)**, തീയതി.06.09.2007) വസ്തു കൈമാറാനുള്ള അനുമതി പത്രം (എ6-8656/07/എൽ.ഡിസ്, തീയതി.14.09.2007) എന്നിവ ഉടുമ്പൻചോല തഹസിൽദാരായിരുന്ന ശ്രീ.പി.എം.ജേക്കബ് അനുവദിച്ചിട്ടുള്ളതാണ്. കൂടാതെ മുൻ ചിന്നക്കനാൽ വില്ലേജ് ഓഫീസർ അനുവദിച്ചിരുന്നതും കൈമാറ്റം ചെയ്ത ഭൂമി എഴുപത് ഏക്കർ എന്ന സർക്കാർ പുറമ്പോക്കിലുൾപ്പെട്ടതാണെന്ന് തെറ്റായി രേഖപ്പെടുത്തിയതുമായ ലൊക്കേഷൻ സർട്ടിഫിക്കറ്റ് (നമ്പർ.1883/2007) **(അനുബന്ധം.15)**, ലൊക്കേഷൻ സ്കെച്ച് എന്നിവയും പോക്കുവരവ് അപേക്ഷയ്ക്കൊപ്പം ഹാജരാക്കിയിട്ടുള്ളതാണ്.

(ഇ) മേൽ പരാമർശിച്ചിട്ടുള്ള ക്രമക്കേടുകൾ സംബന്ധിച്ച് തുടർനടപടികൾക്കായി ഏതാനും ശുപാർശകൾ ചുവടെ ചേർക്കുന്നു.

(i) ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ബ്രദേഴ്സ് ഓഫ് സെന്റ് ഗബ്രിയേൽ ശ്രീ. ജിമ്മി സഖറിയ, അപ്പോത്തിയോസിസ് കമ്പനിയധികൃതർ എന്നിവർ ചേർന്ന് 9.2.2009 തീയതിയിൽ രാജകുമാരി SRO യിൽ വച്ച് 236/2009, 238/09 എന്നീ വ്യാജ ആധാരങ്ങൾ ചമച്ച് സർക്കാർ ഭൂമി കൈമാറ്റം ചെയ്യുന്നതിലേക്ക് വ്യാജ രേഖയു ാക്കിയിട്ടുള്ളത് 1957 ലെ കേരള ഭൂസംരക്ഷണ നിയമത്തിലെ 7 ബി വകുപ്പു പ്രകാരം ശിക്ഷാർഹമായ കുറ്റകൃത്യമാകയാൽ ( 1957 ലെ ഭൂ സംരക്ഷണ നിയമത്തിലെ 7ബി വകുപ്പ് ഭേദഗതിക്ക് 8.11.2008 മുതൽ പ്രാബല്യമുള്ളതാണ്.) ടി ര ു പേർക്കുമെതിരെ പ്രസ്തുത വകുപ്പ് പ്രകാരം ക്രിമിനൽ കേസ് രജിസ്റ്റർ ചെയ്യുന്നതിന് ഉടുമ്പൻചോല തഹസിൽദാരെ ചുമതലപ്പെടുത്താവുന്നതാണ്.

(ii) വ്യാജപട്ടയത്തെ അടിസ്ഥാനമാക്കിയും പട്ടയങ്ങളിലെ യഥാർത്ഥ വിവരങ്ങൾ മറച്ചുവച്ചും സർക്കാർ ഭൂമി കൈമാറുന്നതിന് ഉദ്ദേശിച്ച് തെറ്റായ വിവരങ്ങൾ ഉൾക്കൊള്ളിച്ച് തയ്യാറാക്കിയ രാജകുമാരി എസ്.ആർ.ഒ. യിലെ, 236/09, 238/09 ( ടി ആധാരം 09.02.09 തീയതിയിലാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത്) എന്നീ വിലയാധാരങ്ങൾ റദ്ദുചെയ്യുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ രജിസ്ട്രേഷൻ ഐ.ജി ക്ക് നൽകുന്നതിന് ഇടുക്കി ജില്ലാകളക്ടറെ ചുമതലപ്പെടുത്താവുന്നതാണ്.

(iii) 203/78 നമ്പർ പട്ടയത്തിലുൾപ്പെട്ട ഭൂമിക്ക് 6.9.2007ൽ സി1-8580/09/07/കെ.ഡിസ്. നമ്പരായി 'നിജസ്ഥിതി സർട്ടിഫിക്കറ്റും' 13.8.2007ൽ എ6-8649/2007 നമ്പരായി വസ്തു കൈമാറ്റം ചെയ്യുന്നതിന് അനുമതി പത്രവും അനുവദിച്ച മുൻ ഉടുമ്പൻചോല തഹസിൽദാരായിരുന്ന ശ്രീ. പി.എം. ജേക്കബിനെതിരെ, ടിയാൻ ഡെ. കളക്ടറായി വിരമിച്ച സാഹചര്യത്തിൽ ഉചിതമായ അച്ചടക്ക നടപടികൾ സർക്കാർ തലത്തിൽ സ്വീകരിക്കാവുന്നതാണ്.

(iv) 236/09, 238/09 എന്നീ ആധാരങ്ങളിലുൾപ്പെട്ട ഭൂമിക്ക് ഉടുമ്പൻചോല തഹസിൽദാർ 14.9.2007ൽ എ6-8656/2007 നമ്പരായി വസ്തു കൈമാറ്റം ചെയ്യുന്നതിന് അനുമതി പത്രം അനുവദിച്ച വിഷയത്തിൽ വിതരണ പതിവേടിൽ നിന്നും തപാൽ കൈപ്പറ്റിയതായി ബോധ്യപ്പെട്ട മുൻ ഉടുമ്പൻചോല താലൂക്ക് ഓഫീസിലെ ക്ലാർക്കും

ഇപ്പോൾ കട്ടപ്പന അഡീ. ഗവ. പ്ലീഡറുടെ കാര്യാലയത്തിൽ സീനിയർ ക്ലാർക്കായ സേവനമനുഷ്ഠിച്ചു വരുന്നയാളുമായ ജോർജ് ജോസഫ്, പ്രസ്തുത സാക്ഷ്യപത്രങ്ങൾ അനുവദിക്കുന്നതിൽ പങ്കു വഹിച്ചയാളും പ്രസ്തുത സെക്ഷൻ സൂപ്ര ുമായിരുന്ന ശ്രീ.പി. ഉണ്ണികൃഷ്ണൻ നായർ എന്നിവർക്കെതിരെ കർശനമായ അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതിന് ലാൻഡ് റവന്യൂ കമ്മീഷണറെ ചുമതലപ്പെടുത്താവുന്നതാണ്.

(v) 236/09, 238/09 എന്നീ ആധാരങ്ങളുടെ ഭാഗമായി ഉൾപ്പെടുത്തിയിട്ടുള്ളതും ചിന്നക്കനാൽ വില്ലേജ് ഓഫീസർ തയ്യാറാക്കിയിട്ടുള്ളതുമായ ലൊക്കേഷൻ സ്കെച്ചിൽ എഴുപതേക്കർ സർക്കാർ ഭൂമിക്കുള്ളിൽ വ്യാജ പട്ടയപ്രകാരമുള്ള സ്ഥലം ഉൾക്കൊള്ളിച്ച് സാക്ഷ്യപ്പെടുത്തിയിരുന്നു. ഇപ്രകാരം 1883/2007 എന്ന തെറ്റായ ലൊക്കേഷൻ സ്കെച്ച് **(അനുബന്ധം.15(1), 15(2))** തയ്യാറാക്കി നൽകിയ വില്ലേജ് ഓഫീസർക്കെതിരെയും കർശനമായ ശിക്ഷാ നടപടികൾ സ്വീകരിക്കാവുന്നതാണ്.

****

# ഭാഗം - IV

5(എ) കൃത്രിമ രേഖകൾ ചമച്ചും ഇരട്ടിപ്പിച്ചും പട്ടയങ്ങൾ അനുവദിച്ച കേസുകൾ

5 (1) വിശദമായ പരിശോധനയിൽ എൽ.എ- 90/71, 96/71, 89/71 എന്നീ പട്ടയങ്ങൾ പ്രകാരമുള്ള യഥാർത്ഥ കൈവശങ്ങൾ റീസർവ്വെ ഫെയർ ലാന്റ് രജിസ്റ്ററിൽ (അനുബന്ധം. 26) രേഖപ്പെടുത്തിയിരിക്കുന്ന അതേ റീസർവ്വെ നമ്പരുകളിൽ 1993ലെ പ്രത്യേക ഭൂമിപതിവ് ചട്ടങ്ങൾ പ്രകാരവും വീണ്ടും പട്ടയങ്ങൾ പുതുതായി അനുവദിച്ചിട്ടുള്ളതായി കാണുന്നു. പ്രസ്തുത പട്ടയങ്ങളുടെ വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു

| ക്രമ നം. | പട്ടയ നം. | പട്ടയ കക്ഷിയുടെ പേര് | റീസർവ്വെ നം.(ബി.6) |
|---|---|---|---|
| 1 | എൽ.എ - 116/93 | ഔസേഫ് തോമ | 32/1,3 |
| 2 | എൽ.എ - 117/93 | ഡേവിഡ് ഫ്രാൻസിസ് | 32/6,9 |
| 3 | എൽ.എ - 114/93 | അബ്രഹാം ജോസഫ് | 35/3,1 |
| 4 | എൽ.എ - 113/93 | ജോൺ തൊമ്മി | 35/4,7 |
| 5 | എൽ.എ - 177/93 | ദേവസ്യ ഐപ്പ് | 33/16,17 |

പ്രസ്തുത പട്ടയ ഫയലുകളുടെ സൂക്ഷ്മപരിശോധനയിൽ താഴെപറയുന്ന ഗുരുതരമായ അപാകതകൾ കാണുന്നു.

(2) റീസർവ്വെ നമ്പർ- 32/1ൽപ്പെട്ട വസ്തു അസൽ ഫെയർ ലാന്റ് രജിസ്റ്റർ (അനുബന്ധം. 26) പ്രകാരം ടി.കൃഷ്ണൻ, കെ.ബാലകൃഷ്ണൻ എന്നീ വ്യക്തികളുടെ കൈവശമായിരിക്കെ LA 116/93 നമ്പർ പട്ടയത്തിൽപ്പെട്ട സ്ഥലത്തിന് സപ്ലിമെന്ററി പട്ടയ ലാൻഡ് രജിസ്റ്റർ (അനുബന്ധം. 26(എ)) തയ്യാറാക്കിയിരിക്കുന്നത് കൃഷ്ണൻ രാമരാജ്, ഗോപാലകൃഷ്ണൻ, ബാലൻ, ശിവകാമി, പെരിയകനാൽ എന്നീ വ്യക്തികളുടെ പേരിലാണ്. എന്നാൽ പട്ടയഫയൽ പരിശോധിച്ചതിൽ ടി കൃഷ്ണൻ രാമരാജിന്റെ പേര് തിരുത്തി കൃത്രിമമായി ഔസേഫ് തോമായുടെ വിലാസം ചേർത്ത് പട്ടയം അനുവദിച്ചിരിക്കുന്നു.

(3) റീസർവ്വെ- 33/4ൽപ്പെട്ട വസ്തു ലാന്റ് രജിസ്റ്റർ (അനുബന്ധം. 27) പ്രകാരം കെ.രാജഗോപാൽ എന്ന വ്യക്തിയുടെ കൈവശമാണെങ്കിലും LA 177/93 നമ്പർ (അനുബന്ധം. 27(എ)) പതിവിലുൾപ്പെട്ട സ്ഥലത്തിന് സപ്ലിമെന്ററി പട്ടയ ലാൻഡ് രജിസ്റ്റർ തയ്യാറാക്കിയിരിക്കുന്നത് പ്രേമ D/o ശിവകാമി, രാജേന്ദ്രൻ S/o തിരുമലൈ വാസൻ എന്നിവരുടെ പേരിലാണ്. എന്നാൽ പട്ടയ ഫയൽ പരിശോധിച്ചതിൽ ദേവസ്യ ഐപ്പിന്റെ പേര് സ്കെച്ചിൽ തിരുത്തി കൃത്രിമമായി ചേർത്തിരിക്കുന്നു.

(4) റീസർവ്വെ നമ്പർ- 32/1,3 എന്നിവയിൽപ്പെട്ട വസ്തുക്കൾ ലാന്റ് രജിസ്റ്റർ (അനുബന്ധം. 26) പ്രകാരം കെ.രാജഗോപാൽ എന്ന വ്യക്തിയുടെ കൈവശമായിരിക്കെ LA 117/93 നമ്പർ (അനുബന്ധം. 28) പതിവിലുൾപ്പെട്ട സ്ഥലത്തിന് സപ്ലിമെന്ററി പട്ടയ ലാൻഡ് രജിസ്റ്റർ തയ്യാറാക്കിയിരിക്കുന്നത് കൃഷ്ണൻ ഗോപാലകൃഷ്ണൻ, പെരിയകനാൽ എന്ന വ്യക്തിയുടെ പേരിലാണ്. എന്നാൽ LA 117/93 പട്ടയത്തിൽ ഡേവിഡ് ഫ്രാൻസിസിന്റെ പേര് കൃത്രിമമായി ചേർത്തിരിക്കുന്നു. എന്നാൽ കൃത്രിമം നടത്തിയ അവസരത്തിൽ പ്രസ്തുത സ്കെച്ചിൽ അബദ്ധവശാൽ പേര് മാറ്റാൻ വിട്ടുപോയതായി കാണുന്നു.

(5) റീസർവ്വെ നമ്പർ-35/1, 3 എന്നിവയിൽപ്പെട്ട ഭൂമിയുടെ ലാന്റ് രജിസ്റ്റർ (**അനുബന്ധം.2(2)**) പ്രകാരമുള്ള കൈവശക്കാരൻ രാമയ്യ മകൻ ചിന്നമുത്തുവായിരിക്കെ LA-113/93(**അനുബന്ധം.29**), LA-114/93 (**അനുബന്ധം.30**) പട്ടയങ്ങളിലുൾപ്പെട്ട സ്ഥലങ്ങളിൽ പട്ടയ സപ്ലിമെന്ററി ലാൻഡ് രജിസ്റ്റർ (അനുബന്ധം.30 (എ)തയ്യാറാക്കിയിരുന്നത് യഥാക്രമം കുറുവമ്മ W/O നാഗത്തേവർ, ചിന്നസ്വാമി S/O മുത്തു എന്നിവരുടെ പേരിലാണ്. എന്നാൽ പിന്നീട് ജോൺ തൊമ്മി, അബ്രഹാം ജോസഫ് എന്നിവരുടെ പേരിലാണ് പട്ടയ നടപടി പൂർത്തികരിച്ചിട്ടുള്ളത്.

(6) മേൽ പ്രകാരമുള്ള പട്ടയങ്ങളിലെ ഗുരുതരമായ അപാകതകൾ നിലനിൽക്കെ, സർവ്വേ നമ്പരിലെ പിശക് ശ്രദ്ധയിൽപ്പെട്ടിട്ടും ആയത് മനഃപൂർവ്വം തെറ്റിദ്ധരിപ്പിക്കുന്ന രീതിയിൽ ഉടുമ്പൻചോല താലൂക്ക് സർവ്വെയറും തഹസിൽദാരും ഭൂമി പതിവ് സ്പെഷ്യൽ തഹസിൽദാർക്ക് റിപ്പോർട്ട് നൽകുകയും പട്ടയം ഉപാധിരഹിതമാക്കി മാറ്റാൻ സഹായം നൽകുകയും ചെയ്തിരിക്കുന്നു. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

അപ്പോത്തിയോസിസ് കമ്പനി വിവധ ആധാരങ്ങൾ പ്രകാരം അവകാശ ഉന്നയിക്കുന്ന വസ്തുക്കളും ടി സ്ഥലത്ത് 1964ലെ ഭൂമി പതിവ് ചട്ടങ്ങൾ പ്രകാരം അനുവദിച്ച പട്ടയങ്ങളിൽ ആധാർത്ഥത്തിലുൾപ്പെട്ട വസ്തുക്കളും, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ബ്രദേഴ്സ് ഓഫ് സെന്റ് ഗബ്രിയേൽ എന്ന സ്ഥാപനം 1964ലെ ഭൂമി പതിവ് ചട്ടങ്ങൾ പ്രകാരം അനുവദിച്ചുകിട്ടിയെന്നവകാശപ്പെട്ട് കൈവശം വച്ചിരിക്കുന്ന സർക്കാർ പുറമ്പോക്ക് ഭൂമിയുടെ സ്ഥാനവും കാണിക്കുന്ന സ്കെച്ച് **അനുബന്ധം 30 (ബി)** ആയി ചേർത്തിരിക്കുന്നു. 1964 റൂൾ പ്രകാരം പട്ടയം സിദ്ധിച്ച സ്ഥലത്ത് പിന്നീട് 1993 റൂൾ പ്രകാരം അനുവദിച്ച പട്ടയങ്ങളിലുൾപ്പെട്ട വസ്തുക്കൾ അടയാളപ്പെടുത്തിയ സ്കെച്ച്, **അനുബന്ധം 30(സി)** ആയി ചേർത്തിരിക്കുന്നു.

## 5(ബി) 1993 പതിവുചട്ട പ്രകാരമുള്ള പട്ടയത്തിൽ ഉപാധിരഹിത മുദ്ര പതിപ്പിച്ചിട്ടുള്ളതുമായി ബന്ധപ്പെട്ട ക്രമക്കേടുകൾ

(1)രാജകുമാരി ഭൂമിപതിവ് സ്പെഷ്യൽ തഹസിൽദാർ കാര്യാലയത്തിൽ നിന്നും അനുവദിച്ചിരുന്ന എൽ.എ-116/93, 117/93 എന്നീ പട്ടയങ്ങളിൽ ഉപാധിരഹിത സീൽ ചേർത്ത് നൽകിയതിൽ ഗുരുതരമായ ക്രമക്കേടുകൾ ഉള്ളതായി പരിശോധനയിൽ ബോദ്ധ്യപ്പെട്ടിരിക്കുന്നു. പട്ടയ ഭൂമിയുടെ അന്യാധീനം സംബന്ധിച്ച വ്യവസ്ഥ ഒഴിവാക്കിക്കൊ ുള്ള മുദ്ര പതിച്ച് തഹസിൽദാർ ഒപ്പും തീയതിയും രേഖപ്പെടുത്തി നൽകുകയാണ് ഇതിലെ നടപടിക്രമം. ഇതിലേക്കായി റീസർവ്വെ ലാന്റ് രജിസ്റ്റർ, നമ്പർ-II രജിസ്റ്റർ എന്നിവ പരിശോധിച്ച് പട്ടയങ്ങളുടെ സാധുത ഉറപ്പാക്കണമെന്ന് ഭൂമിപതിവ് സ്പെഷ്യൽ തഹസിൽദാർക്ക് ഇടുക്കി ജില്ലാകളക്ടർ 18.12.14 തീയതിയിലെ സി3-28453/14 നമ്പർ കത്ത് (**അനുബന്ധം-31**) മുഖേന നിർദ്ദേശം നൽകിയിരുന്നു. കൂടാതെ ഇത്തരം അപേക്ഷകൾ വില്ലേജ് ഓഫീസിൽ സ്വീകരിക്കുമ്പോൾ നിർദ്ദിഷ്ട മാതൃകയിലുള്ള രജിസ്റ്ററിൽ ചേർക്കണമെന്നും രജിസ്റ്റർ സഹിതമാണ് ഭൂമിപതിവ് തഹസിൽദാർക്ക് അയക്കേ തെന്നും 24.11.10ലെ സി3-43993/10 നമ്പർ കത്തിൽ ഇടുക്കി ജില്ലാകളക്ടർ മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുകയും ചെയ്തിട്ടുള്ളതാണ്.

(2) എന്നാൽ രാജകുമാരി ഭൂമിപതിവ് സ്പെഷ്യൽ തഹസിൽദാർ ഓഫീസിൽ ഉപാധിരഹിത മുദ്രപതിപ്പിക്കുന്നതിനായി അപേക്ഷയും അസൽ പട്ടയങ്ങളും സ്വീകരിക്കുന്നതിന് നിർദ്ദിഷ്ട മാതൃകയിലുള്ള

രജിസ്റ്റർ സൂക്ഷിച്ചിട്ടില്ലാത്തതും അവ്യക്തമായി രേഖപ്പെടുത്തലുകളുളളതും ക്രമരഹിതവുമായ ഒരു രജിസ്റ്റർ സൂക്ഷി പോരുന്നതുമാണ്. രജിസ്റ്ററിന്റെ പകർപ്പ് അനുബന്ധം-32 ആയി ചേർത്തിരിക്കുന്നു.

(3) എൽ.എ - 116/93, എൽ.എ - 117/93 എന്നീ പട്ടയങ്ങൾ ഉപാധി രഹിത മുദ്ര പതിക്കുന്നതിനായി ലഭിച്ച അപേക്ഷയുടെ വിവരങ്ങൾ സ്പെഷ്യൽ തഹസിൽദാരുടെ കാര്യാലയത്തിലെ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ലാത്തതാണ്. എന്നാൽ ഇത്തരത്തിൽ യാതൊരു രേഖപ്പെടുത്തലുകളും രജിസ്റ്ററിൽ ചേർക്കാതെ പട്ടയത്തിൽ ഉപാധിരഹിത സീൽ പതിപ്പിച്ചിട്ടുളളതും ആയതിൽ തഹസിൽദാർ ഒപ്പിനൊപ്പം തീയതി രേഖപ്പെട്ടില്ലാത്തതുമാണ്. മാത്രവുമല്ല ഉപാധിരഹിതമുദ്ര പതിച്ചുനൽകുന്നതിനുമുമ്പായി ബന്ധപ്പെട്ട തഹസിൽദാരിൽ നിന്നുളള റിപ്പോർട്ട്, സർവ്വെയറിൽ നിന്നുളള റിപ്പോർട്ട് എന്നിവ ലഭ്യമാക്കി പരിശോധിക്കുകയോ, ലാന്റ് രജിസ്റ്റർ, നമ്പർ-II രജിസ്റ്റർ എന്നിവ പരിശോധിക്കുകയോ ചെയ്യാതെയാണ് ഭൂമിപതിവ് സ്പെഷ്യൽ തഹസിൽദാരായിരുന്ന ശ്രീ.എസ്.ബാബു, സെക്ഷൻ കൈകാര്യം ചെയ്യുന്ന സീനിയർ ക്ലാർക്കായ ശ്രീ. ബിജുജോസഫ് എന്നിവർ ചേർന്ന് ടി പട്ടയങ്ങളിൽ ഉപാധിരഹിത മുദ്ര പതിച്ചു നൽകിയിട്ടുളളത്. ലാന്റ് രജിസ്റ്റർ പരിശോധിച്ചതിൽ ടി 116/93, 117/93 എന്നീ പട്ടയങ്ങൾ ഇരട്ടിപ്പായി അനുവദിച്ചതാണെന്ന് വ്യക്തമായിട്ടുളളതാണ്. 1964ലെ ഭൂമിപതിവ് ചട്ടങ്ങൾ പ്രകാരം എൽ.എ - 90/71 എന്ന പട്ടയം അനുവദിച്ചിരുന്ന അതേ ഭൂമിയിലാണ് വീ ും 1993 ചട്ടങ്ങൾ പ്രകാരം 116/93, 117/93 എന്നീ പട്ടയങ്ങൾ അനുവദിച്ചിട്ടുളളത്. ലാന്റ് രജിസ്റ്ററിൽ പ്രസ്തുത സർവ്വെ നമ്പരിന്റെ ( ബ്ലോക്ക്-6ൽ റീസർവ്വെ- 32/1, 3,6,9) ഭാഗത്ത് എൽ.എ - 90/71 എന്ന പട്ടയത്തിന്റെ വിവരവും കൈവശക്കാരുടെ പേരുവിവരങ്ങളും രേഖപ്പെടുത്തിയിരക്കുന്നതുമാണ്. ടി വിവരങ്ങൾ മറച്ചുവച്ചുകൊ ാണ് ടി 116/93, 117/93 എന്നീ അനധികൃത പട്ടയങ്ങൾക്ക് ഉപാധിരഹിത മുദ്ര പതിച്ചു നൽകിയിട്ടുളളത്.

(4) മേൽ വസ്തുതയുടെ വെളിച്ചത്തിൽ നിർദ്ദിഷ്ട രജിസ്റ്ററിൽ രേഖപ്പെടുത്താതെയും തഹസിൽദാരിൽ നിന്നോ സർവ്വെയറിൽനിന്നോ വില്ലേജ് ഓഫീസറിൽ നിന്നോ റിപ്പോർട്ടുകൾ ലഭ്യമാക്കാതെയും നമ്പർ-II രജിസ്റ്റർ ഫെയർ ലാന്റ് രജിസ്റ്റർ എന്നിവയിലെ വിവരങ്ങൾ മറച്ചുവച്ചുകൊ ും ടി 116/93, 117/93 എന്നീ പട്ടയങ്ങളിൽ ഉപാധിരഹിത മുദ്ര ചേർത്തു നൽകിയ നടപടി അങ്ങേയറ്റം ഗുരുതരമായ കൃത്യവിലോപമാണ്. ഇത്തരത്തിൽ മുദ്ര ചേർത്തു നൽകിയ (തീയതി രേഖപ്പെടുത്താതെ) രാജകുമാരി ഭൂമിപതിവ് കാര്യാലയത്തിലെ മുൻ തഹസിൽദാരും മറ്റൊരു അച്ചടക്കനടപടിയിലൂടെ തരംതാഴ്ത്തലിലൂടെ ഇപ്പോൾ തൃശൂർ, ചെമ്പൂക്കാവ് റവന്യു റിക്കവറി സ്പെഷ്യൽ തഹസിൽദാരുടെ കാര്യാലയത്തിൽ ജൂനിയർ സൂപ്ര ുമായ ശ്രീ.എസ്.ബാബുവിനെതിരെ കർശനമായ അച്ചടക്കനടപടികൾ കൈക്കൊളളുന്നതിനായി ലാന്റ് റവന്യു കമ്മീഷണറെ ചുമതലപ്പെടുത്താവുന്നതാണ്. ടിയാനെതിരെ മറ്റൊരു അച്ചടക്കനടപടിയിൽ ദേവികുളം സബ്കളക്ടർ അന്വേഷണം നടത്തിവരികയാണ് എന്ന് കൂടി ശ്രദ്ധയിൽപ്പെടുത്തിക്കൊളളുന്നു. പ്രസ്തുത ഫയൽ കൈകാര്യം ചെയ്ത സീനിയർ ക്ലാർക്കായ ശ്രീ.ബിജുജോസഫ് (നിലവിൽ കോട്ടയം ജില്ലയിൽ കാഞ്ഞിരപ്പളളി താലൂക്കിൽ ചിറക്കടവ് വില്ലേജ് ഓഫീസിൽ സ്പെഷ്യൽ വില്ലേജ് ഓഫീസറായി സേവനമനുഷ്ഠിച്ചുവരുന്നു) നെതിരെയും കർശന അച്ചടക്ക നടപടികൾ കൈക്കൊളളുന്നതിനായി ലാന്റ് റവന്യു കമ്മീഷണറെ ചുമതലപ്പെടുത്താവുന്നതാണ്. ടി ഉപാധിരഹിത സീൽ പതിച്ചു നൽകുന്നതുമായി ബന്ധപ്പെട്ട ഫയലുകൾ

കൈകാര്യം ചെയ്തിട്ടുള്ളതു സംബന്ധിച്ച് രാജകുമാരി ഭൂമിപതിവ് സ്പെഷ്യൽ തഹസിൽദാർ മുമ്പാകെ 14.05.19 തീയതിയിൽ ശ്രീ.ബിജുജോസഫ് നൽകിയ മൊഴിയുടെ പകർപ്പ് അനുബന്ധം-33 ആയി ചേർത്തിരിക്കുന്നു.

നടപടിക്രമങ്ങളിൽ ഗുരുതരമായി പാളിച്ചകൾ ഉള്ളത് ചൂ ിക്കാണിച്ചുകൊ ് രാജകുമാരി ഭൂമി പതിവ് സ്പെഷ്യൽ തഹസിൽദാർ, ദേവികുളം സബ്കളക്ടർക്കു നൽകിയ 15.05.19, 16.05.19 തീയതികളിലെ സി-221/19 നം. റിപ്പോർട്ടിന്റെ പകർപ്പുകൾ **(അനുബന്ധം 33(എ))** ആയി ചേർത്തിരിക്കുന്നു.

## 5(സി) 1993 ചട്ട പ്രകാരമുള്ള പട്ടയങ്ങളിൽ കരമടവ് പുനഃസ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട ക്രമക്കേടുകൾ

(1) 116/93 എന്ന 1993 പ്രത്യേക ഭൂമിപതിവ് ചട്ടപ്രകാരമുള്ള പട്ടയങ്ങളിൽ ഉപാധിരഹിത മുദ്ര പതിച്ചു കിട്ടുന്നതിനും കരമടവ് പുനഃസ്ഥാപിച്ചു കിട്ടുന്നതിനുമായി ലഭിച്ച അപേക്ഷയിൽ ഗുരുതരമായ ക്രമക്കേടുകളാണ് നടന്നിട്ടുള്ളതെന്ന് പരിശോധനയിൽ ബോദ്ധ്യപ്പെട്ടിട്ടുള്ളതാണ്. (ഉടുമ്പൻചോല താലൂക്കാഫീസിലെ കെ4-2075/17 എന്ന ഫയൽ) അപേക്ഷ ലഭിച്ചയുടൻ ആയത് പരിശോധനയ്ക്കും റിപ്പോർട്ടിനുമായി താലൂക്ക് സർവ്വെയർക്ക് കൈമാറിയിരുന്നു. താലൂക്ക് സർവ്വെയറുടെ റിപ്പോർട്ടുപ്രകാരം പട്ടയ സ്കെച്ച്, ലാന്റ് രജിസ്റ്റർ എൽ.എ-90/71 (അനുബന്ധം-21) എന്ന പട്ടയ ഫയൽ പരിശോധിച്ചാണ് റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളതെന്ന് വ്യക്തമാണ്. ലാന്റ് രജിസ്റ്ററിൽ നിന്നും 116/93 എന്ന 1993 പ്രത്യേക ചട്ട പ്രകാരമുള്ള പട്ടയം അനുവദിച്ചിട്ടുള്ളത്, മുൻപ് 1964 ചട്ട പ്രകാരം അനുവദിച്ചിരുന്ന എൽ.എ-90/71 എന്ന പട്ടയ പ്രകാരമുള്ള അതേ ഭൂമിയിലാണെന്നതു വ്യക്തമായിരിക്കെ ഈ വസ്തുതകൾ മറച്ചുവച്ചുകൊ ് ഉടുമ്പൻചോല താലൂക്കാഫീസിലെ താലൂക്ക് സർവ്വെയറായ ശ്രീ.അനൂപ് എം.എസ് (എസ്.ജി.എസ്) 17.04.17 തീയതിയിൽ തഹസിൽദാർക്ക് റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതാണെന്ന് കാണുന്നു.

(2) താലൂക്ക് സർവ്വെയറുടെ റിപ്പോർട്ട് (അനുബന്ധം-34) പ്രകാരം എൽ.എ-90/71 എന്ന പട്ടയം മുൻ സർവ്വെ 532, 533 എന്നിവയിലാണെന്ന് സൂചിപ്പിച്ചിരിക്കുന്നു. എന്നാൽ ലാന്റ് രജിസ്റ്റർ പ്രകാരം ബ്ലോക്ക്-6ൽ റീസർവ്വെ-32/1,3 എന്നിവയിലാണ് എൽ.എ-90/71 എന്ന പട്ടയം അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാണ്. ഇതേ ഭൂമിയ്ക്കുതന്നെയാണ് പിന്നീട് ഇരട്ടിപ്പായി 1993 പ്രത്യേക ചട്ടങ്ങൾ പ്രകാരം 116/93 എന്ന പട്ടയം അനുവദിച്ചിട്ടുള്ളത്. ഇക്കാര്യങ്ങൾ മറച്ചുവച്ചുകൊ ാണ് ഫസ്റ്റ് ഗ്രേഡ് സർവ്വെയറായ ശ്രീ.അനൂപ് എം.എസ് റിപ്പോർട്ട് തയ്യാറാക്കി തഹസിൽദാർക്ക് സമർപ്പിച്ചിരുന്നത്.

(3) ടി താലൂക്ക് സർവ്വെയറുടെ റിപ്പോർട്ടിന്റെ മാത്രം അടിസ്ഥാനത്തിൽ അക്കാര്യങ്ങൾ മാത്രം സൂചിപ്പിച്ചുകൊ ും ലാന്റ് രജിസ്റ്ററിലെ വിവരങ്ങൾക്ക് വിരുദ്ധമായുമാണ് ഉടുമ്പൻചോല തഹസിൽദാർ ആയിരുന്ന ശ്രീ.പി.എസ്. ഭാനുകുമാർ 20.04.2017 തീയതിയിൽ കെ4-2075/17 നമ്പരായി (അനുബന്ധം-35) രാജകുമാരി ഭൂമിപതിവ് സ്പെഷ്യൽ തഹസിൽദാർക്ക് റിപ്പോർട്ട് നൽകിയിട്ടുള്ളത്.

(4) റദ്ദുചെയ്യേ ിയിരുന്നതായ 116/93 എന്ന പട്ടയത്തിന്റെ ശരിയായ വിവരങ്ങൾ മറച്ചുവച്ചുകൊ ് റിപ്പോർട്ട് തയ്യാറാക്കിയ ഉടുമ്പൻചോല താലൂക്ക് ഓഫീസിലെ ഫസ്റ്റ് ഗ്രേഡ് സർവ്വെയർ ആയ ശ്രീ.അനൂപ് എം.എസ്, സ്പെഷ്യൽ തഹസിൽദാരുടെ കാര്യാലയത്തിലേക്ക് ഉപാധിരഹിത മുദ്ര പതിപ്പിക്കുന്നതിനായി റിപ്പോർട്ട് അയച്ച

മുൻ ഉടുമ്പൻചോല തഹസിൽദാരും ഇപ്പോൾ നെടുങ്ക ം ഭൂമിപതിവ് സ്പെഷ്യൽ തഹസിൽദാരുമായ ശ്രീ.പി.എസ്. ഭാനുകുമാർ എന്നിവർക്കെതിരെ കർശനമായ അച്ചടക്കനടപടികൾ സ്വീകരിക്കുന്നതിന് ശുപാർശ ചെയ്യുന്നു.

## 5(ഡി) നിജസ്ഥിതി സർട്ടിഫിക്കറ്റ്, കൈവശ സർട്ടിഫിക്കറ്റ് എന്നിവ തെറ്റായി അനുവദിച്ചിട്ടുള്ള കേസുകൾ

1) മേൽ പ്രകാരമുള്ള ഗുരുതരമായ അപാകതകൾ നിലനിൽക്കെ എൽ.എ-177/93 **(അനുബന്ധം-27)** നമ്പർ പട്ടയത്തിലുൾപ്പെട്ട ഭൂമിക്ക് കൈവശ സർട്ടിഫിക്കറ്റും നിജസ്ഥിതി സർട്ടിഫിക്കറ്റും ലഭിക്കണമെന്നാവശ്യപ്പെട്ട് WP(C)-24307/2015 നമ്പരായി റിട്ട് പെറ്റീഷൻ ഫയൽ ചെയ്തതിൽ പട്ടയത്തിന്റെ നിജസ്ഥിതി തഹസിൽദാർ പരിശോധിച്ച് നടപടി സ്വീകരിക്കാൻ ഉത്തരവായിരുന്നു. കൂടാതെ WP(C)-10712/2016 കേസിൽ പട്ടയത്തിലെ മുൻ ഉപാധികൾ ചേർത്ത സീൽ മാറ്റുന്നതിന് നടപടികൾ സ്വീകരിക്കുവാനും ഉത്തരവായിരുന്നു. ഈ വിഷയത്തിൽ 05.10.15നും 01.02.16നും ഉടുമ്പൻചോല താലൂക്ക് സർവ്വെയർ ആയിരുന്ന ബിനോയ് സെബാസ്റ്റ്യൻ ഉടുമ്പൻചോല തഹസിൽദാർക്ക് റിപ്പോർട്ടുകൾ **(അനുബന്ധം-36(1), 36(2))** സമർപ്പിച്ചതായി കാണുന്നു. ടി റിപ്പോർട്ടുകളിൽ ടി സ്ഥലത്തിന് മുമ്പ് എൽ.എ-89/71 നമ്പർ പട്ടയ നടപടിയുള്ളതായി കണ്ടെത്തിയെങ്കിലും പട്ടയത്തിൽ രേഖപ്പെടുത്തിയിരിക്കുന്ന സർവ്വെ നമ്പർ മറ്റൊന്നാണെന്ന കാരണത്താൽ മാത്രം എൽ.എ-177/93-ാം നമ്പർ പട്ടയ ഭൂമിയിൽ ഉൾപ്പെട്ടുവരുന്നില്ലായെന്ന് റിപ്പോർട്ട് ചെയ്തിരിക്കുന്നു. ഈ വിഷയത്തിൽ മറ്റ് യാതൊരുവിധ അന്വേഷണങ്ങളും നടത്താതെ പട്ടയം ഉപാധിരഹിതമാക്കുന്നതിന് അനുകൂലമായി 16.12.15ലും 25.02.16ലും ഉടുമ്പൻചോല തഹസിൽദാരായിരുന്ന ശ്രീ.പി.പി.ജോയി രാജകുമാരി സ്പെഷ്യൽ തഹസിൽദാർക്ക് റിപ്പോർട്ട് **(അനുബന്ധം-37(1), 37(2))** നൽകിയിരിക്കുന്നു. എന്ന് മാത്രമല്ല തഹസിൽദാരായിരുന്ന ശ്രീ.പി.പി.ജോയി ഈ കേസിൽ 17.02.16 തീയതിയിൽ സി1-(2)-2437/16/കെഡിസ് നമ്പരായി നിജസ്ഥിതി സർട്ടിഫിക്കറ്റും **(അനുബന്ധം-38)** അനുവദിച്ചിരുന്നു. തുടർന്ന് പട്ടയം ഉപാധിരഹിതമാക്കി 08.04.16ൽ രാജകുമാരി എൽ.എ. തഹസിൽദാർ ഉത്തരവാകുകയും ചെയ്തു. തുടർന്ന് 30.04.16ൽ ത ഷേരിലെ വ്യവസ്ഥകൾ നീക്കം ചെയ്യാൻ ഉടുമ്പൻചോല തഹസിൽദാർ ചിന്നക്കനാൽ വില്ലേജ് ഓഫീസർക്ക് നിർദ്ദേശം **(അനുബന്ധം-37(3))** നൽകിയിരുന്നു. ഇതിലൂടെ ഈ പട്ടയം സംബന്ധിച്ച് ഉ ായിരുന്ന എല്ലാ അന്വേഷണ നടപടികളും ഒഴിവാക്കി നൽകിയിരിക്കുന്നു. ഭൂമി പതിവ് രജിസ്റ്റർ ഓഫീസിൽ ലഭ്യമല്ലായെന്ന തീർത്തും അംഗീകരിക്കാനാവാത്ത കാരണമാണ് പരിശോധന ഒഴിവാക്കാൻ ഈ വിഷയത്തിൽ സെക്ഷൻ ക്ലാർക്ക് നോട്ടിൽ രേഖപ്പെടുത്തി കാണുന്നത്. തെറ്റിദ്ധരിപ്പിക്കുന്ന രീതിയിൽ റിപ്പോർട്ട് നൽകിയ ഉടുമ്പൻചോല താലൂക്ക് സർവ്വെയർ ബിനോയി സെബാസ്റ്റ്യൻ, താലൂക്ക് ഓഫീസ് സെക്ഷൻ ക്ലാർക്കായ

കെ.പ്രസാദ്കുമാർ (നിലവിൽ ചിന്നക്കനാൽ വില്ലേജിൽ സ്പെഷ്യൽ വില്ലേജ് ഓഫീസറായി സേവനമനുഷ്ഠിക്കുന്നു), ഉടുമ്പൻചോല തഹസിൽദാരായിരുന്ന പി.പി.ജോയി (നിലവിൽ വയനാട് ജില്ലയിൽ സ്പെഷ്യൽ തഹസിൽദാരായി സേവനമനുഷ്ഠിച്ചുവരുന്നു) എന്നിവർ ഈ വിഷയത്തിൽ കുറ്റക്കാരെണന്ന് പ്രാഥമിക പരിശോധനയിൽ കാണുന്നു. ഇവർക്കെതിരെ കർശനമായ അച്ചടക്കനടപടികൾ സ്വീകരിക്കുന്നതിന് ലാന്റ് റവന്യു കമ്മീഷണറെ ചുമതലപ്പെടുത്താവുന്നതാണ്.

1993 റൂൾ പ്രകാരം പട്ടയം അനുവദിക്കുന്നത് റീസർവ്വെ രേഖകളെ പൂർണ്ണമായും അടിസ്ഥാനമാക്കിയാണ്. പട്ടയവുമായി ബന്ധപ്പെട്ട സർവ്വെ റിപ്പോർട്ടുകൾ തയ്യാറാക്കുമ്പോൾ ഒറിജിനൽ ലാന്റ് രജിസ്റ്റർ, പട്ടയ സപ്ലിമെന്ററി ലാന്റ് രജിസ്റ്റർ എന്നിവ കൃത്യമായി പരിശോധിക്കേ തു ്. സർവ്വെ വകുപ്പിൽ ലാന്റ് രജിസ്റ്ററും പട്ടയ സപ്ലിമെന്ററി ലാന്റ് രജിസ്റ്ററും ലഭ്യമായിരിക്കെ ആയത് പരിശോധിക്കാതെ മേൽ പ്രകാരം റിപ്പോർട്ടുകൾ തയ്യാറാക്കിയിരിക്കുന്നത് കുറ്റകരമാണെന്ന് കാണുന്നു. കൂടാതെ ലാന്റ് രജിസ്റ്റർ പരിശോധിച്ചപ്പോൾ മുൻപട്ടയ നടപടികൾ സർവ്വെ നമ്പർ മാറി രേഖപ്പെടുത്തിയിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടും ടി പട്ടയങ്ങൾ പ്രകാരമുള്ള യഥാർത്ഥ ഭൂമി തിട്ടപ്പെടുത്തുവാൻ ശ്രമിക്കാതെ തെറ്റിദ്ധാരണ ജനകമായ റിപ്പോർട്ട് തയ്യാറാക്കിയതിലൂടെ അപ്പോത്തിയോസിസ് കമ്പനിക്ക് സർക്കാർ ഭൂമി അനധികൃതമായി വില്പന നടത്തിയത് ശ്രദ്ധയിൽപ്പെടാതിരിക്കുകയും ആയതു മൂലം സർക്കാർ ഭൂമി സംരക്ഷിക്കാൻ സാധിക്കാതെ പോവുകയും ചെയ്തിരിക്കുന്നു.

മേൽ പ്രകാരം പട്ടയ ഫയലിൽ കൃത്രിമം നടത്തിയും 1964ലെ റൂൾ പ്രകാരം പട്ടയം നൽകിയ വസ്തുക്കളുടെ അതേ റീസർവ്വെ നമ്പരുകളിൽ ഇരട്ടിപ്പായും നൽകിയ പട്ടയങ്ങൾ നിയമപ്രകാരം റദ്ദാക്കേ താണ്.

****

# ഭാഗം - V

## 6 മോ-  ്ഫോർട്ട് സ്കൂൾ കൈവശപ്പെടുത്തിയ സർക്കാർ ഭൂമി സംബന്ധിച്ച വിവരങ്ങൾ

6(1) മോ ് ഫോർട്ട് സ്കൂൾ സ്ഥിതിചെയ്യുന്ന സ്ഥലം ചിന്നക്കനാൽ വില്ലേജിൽ ചിന്നക്കനാൽ താവളം മുൻസർവ്വെ 513, 514, 515, 517, 518, 575, 577 എന്നിവയിൽപ്പെട്ടതാണ്. ടി സ്ഥലങ്ങൾ മോ ് ഫോർട്ടിന് ലഭിച്ചിട്ടുളളത് എൽ.എ-69/70, 91/69, 93/69, 94/69, 95/69, 89/71, 90/71, 91/71, 96/71 എന്നീ 9 പട്ടയങ്ങൾ കൈമാറി ലഭിച്ചതുവഴിയാണെന്ന് കാണുന്നു. ഇതിൽ അവസാനം പരാമർശിച്ചിരിക്കുന്ന 4 പട്ടയങ്ങൾ പ്രകാരമുളള 7.56 ഏക്കർ ഭൂമി ഉൾപ്പെടെയാണ് മോ ് ഫോർട്ട് നിലവിൽ ഭൂമി കൈവശം വച്ചിട്ടുളളത്. റീസർവ്വെ റിക്കാർഡുകൾ പ്രകാരം ടി ഭൂമി ബ്ലോക്ക്-6ൽ റീസർവ്വെ നമ്പർ-40/1, 3, 4, 5, 6, 7, 38pt എന്നിവയിലുൾപ്പെട്ടുകിടക്കുന്നതുമാണ്. അതായത് ഭൂമി കൈവശം ലഭിച്ചതിന് ആധാരമായി പറഞ്ഞിട്ടുളള 9 പട്ടയങ്ങളിലും മുൻ സർവ്വെ നമ്പർ-20/1 എന്നാണ് ചേർത്തിരിക്കുന്നതെങ്കിലും മോ ് ഫോർട്ട് സ്കൂൾ അധികൃതർ പ്രസ്തുത പട്ടയങ്ങളെ അടിസ്ഥാനമാക്കി ഭൂമി കൈവശം വെച്ചിരിക്കുന്നത് മറ്റ് സർവ്വെ നമ്പരുകളായ 513, 514, 515, 517, 518, 575, 577 എന്നിവയിൽപ്പെട്ട ഭൂമികളാണ്. എന്ന് മാത്രവുമല്ല ഇത്തരത്തിൽ മേൽ ചേർത്തിട്ടുളളവയിൽ 89/71, 90/71, 91/71, 96/71 എന്നീ പട്ടയങ്ങൾ പ്രകാരമുളള ഭൂമി എന്ന വ്യാജേന മോ ് ഫോർട്ട് സ്കൂൾ അധികൃതർ രാജകുമാരി എസ്.ആർ.ഒ യിലെ 579/07, 238/09 എന്നീ വിലയാധാരങ്ങൾ പ്രകാരം യഥാക്രമം അപ്പോത്തിയോസിസ്, സാവിയോ ഗോൺസാൽവസ് എന്നിവർക്ക് തെറ്റായ എലുകൾ രേഖപ്പെടുത്തിയും തെറ്റായ സ്കെച്ചുകൾ ഉൾപ്പെടുത്തിയും കൈമാറിയിട്ടുളളത് എഴുപത് ഏക്കർ എന്ന സർക്കാർ പുറമ്പോക്കിലുൾപ്പെട്ട സ്ഥലങ്ങളാണ്.

(2) മാത്രവുമല്ല, റീസർവ്വെ ഫെയർലാന്റ് രജിസ്റ്റർ പ്രകാരം എൽ.എ-89/71, 90/71, 91/71, 96/71 എന്നിവ പ്രകാരമുളള കൈവശഭൂമികൾ മുൻ സർവ്വെ 526, 530, 532 ( റീസർവ്വെ നമ്പർ-32/1, 3, 4, 33/4, 35/1, 3 37/5 ) എന്നിവയിൽ ഉൾപ്പെട്ടു കിടക്കുന്നുവെന്ന് വ്യക്തമായി രേഖപ്പെടുത്തിയിട്ടുളളതുമാണ്. എന്നാൽ കൈവശം വച്ചിരിക്കുന്നതാകട്ടെ മറ്റ് സർവ്വെ നമ്പരുകളിൽപ്പെട്ട ഭൂമികളുമാണ്. കൂടാതെ പിന്നീട് കൈമാറ്റം ചെയ്തപ്പോൾ കൈവശഭൂമിയല്ലാതെയുളള മറ്റ് സർക്കാർ ഭൂമികൾക്കാണ് കൈമാറ്റ രേഖകൾ ചമച്ചിട്ടുളളത്.

(3) മൂന്നാർ ദൗത്യസംഘം പ്രവർത്തിച്ചിരുന്ന കാലഘട്ടത്തിൽ ടാസ്ക് ഫോഴ്സ് നമ്പർ-3നായിരുന്നു പ്രസ്തുത മോ ് ഫോർട്ട് സ്കൂൾ കൈവശം വച്ചിരിക്കുന്ന ഭൂമി സംബന്ധമായ അന്വേഷണ ചുമതല. ആകെയുളള 9 പട്ടയങ്ങളിലും സർവ്വെ നമ്പർ ആയി രേഖപ്പെടുത്തിയിട്ടുളളത് മുൻ സർവ്വെ 20/1 ആണെങ്കിലും ആദ്യ 5 പട്ടയങ്ങളുടെ കൈവശം ടി സ്കൂൾ സ്ഥിതിചെയ്യുന്ന പ്രദേശം തന്നെയെന്ന് ഫെയർ ലാന്റ് രജിസ്റ്ററിൽ നിന്നും വ്യക്തമാണ്. എന്നാൽ അവസാന 4 പട്ടയങ്ങളുടെ കൈവശങ്ങൾ ഫെയർലാന്റ് രജിസ്റ്റർ പ്രകാരം റീസർവ്വെ നമ്പർ-38ലൊ 40ലൊ ഉൾപ്പെടുന്നില്ലായെന്ന് വ്യക്തമായിരുന്നിട്ടും ടി മൂന്നാർ നമ്പർ ടാസ്ക് ഫോഴ്സ് അധികൃതർ പ്രസ്തുത 89/71, 90/71, 91/71, 96/71 എന്നീ പട്ടയങ്ങൾ പ്രകാരമുളള 7.56 ഏക്കർ ഭൂമി ടി 40, 38 എന്നീ റീസർവ്വെ നമ്പരുകളിൽപ്പെട്ടതാണെന്ന് സ്ഥാപിച്ചുകൊ ് 17.12.2007, 02.01.2008 എന്നീ തീയതികളിലായി സബ് ഡിവിഷൻ സ്കെച്ച്, റിപ്പോർട്ട് (അനുബന്ധം.39) എന്നിവ കൈമാറിയിരുന്നതും ആയതിനെ അടിസ്ഥാനപ്പെടുത്തി മോ ് ഫോർട്ടിന്റെ കൈവശം വകവച്ചുകൊടുക്കുകയും ത ്പേർ ക്രമീകരിച്ചു നൽകുകയും ചെയ്തിരുന്നു. പ്രസ്തുത മൂന്നാർ നമ്പർ ടാസ്ക് ഫോഴ്സിന്റെ തലവൻ ശ്രീ.എസ്.രാജീവ്, ജൂനിയർ സൂപ്ര ് ( ഇടുക്കി കളക്ട്രേറ്റിൽ നിന്നും ഡെപ്യൂട്ടി കളക്ടർ തസ്തികയിൽ വിരമിച്ചു), അംഗങ്ങൾ ഫസ്റ്റ് ഗ്രേഡ് സർവ്വെയർമാരായ- ശ്രീ.ആത്മകുമാർ, ശ്രീ.ഉണ്ണികൃഷ്ണൻ.എസ്.എസ്, ശ്രീ.വി.എസ്.സുജിത്, ശ്രീ.മുഹമ്മദ് സജീവ്, ശ്രീ.ഷുക്കൂർ.എ.എസ് എന്നിവരുമായിരുന്നു.

(4) മോ ് ഫോർട്ട് സ്കൂളിന്റെ ഭൂമിയിടപാടുകളുമായി ബന്ധപ്പെട്ട് ചുവടെ ചേർക്കുന്ന നടപടികൾ ശുപാർശ ചെയ്യുന്നു.

i) റീസർവ്വെ ബ്ലോക്ക്- 6ൽ സർവ്വെ നമ്പർ- 38, 40 എന്നിവയിലായി എൽ.എ - 89/71, 90/71, 91/71, 96/71 എന്നിവ പ്രകാരമുളളതെന്ന വ്യാജേന കൈവശം വെച്ചിരിക്കുന്ന 7.56 ഏക്കർ സർക്കാർ ഭൂമി അടിയന്തരമായി ഏറ്റെടുക്കുന്നതിന് ഉടുമ്പൻചോല തഹസിൽദാരെ ചുമതലപ്പെടുത്താവുന്നതാണ്.

ii) പട്ടയ പ്രകാരമുളള ഭൂമിയല്ലാതെ സർക്കാർ ഭൂമിയുടെ വിവരങ്ങൾ രേഖപ്പെടുത്തി മോ ഫോർട്ട് സ്കൂൾ അധികൃതർ ചമച്ചിട്ടുളള രാജകുമാരി എസ്.ആർ. ഒ യിലെ 579/07, 238/09 എന്നിവ റദ്ദു ചെയ്യേ തു

iii) വ്യാജരേഖകൾ ചമച്ചതിനും സർക്കാർ ഭൂമി കൈമാറുന്നതിന് വ്യാജആധാരങ്ങൾ ചമച്ചതിന് ടി സ്കൂൾ അധികൃതർക്കെതിരെ CrPC പ്രകാരം നിയമ നടപടികൾ സ്വീകരിക്കുന്നതിന് ഉടുമ്പൻചോല തഹസിൽദാരെ ചുമതലപ്പെടുത്താവുന്നതാണ്.

*****

# ഭാഗം - VI

## 7. പരിധിയിൽ കവിഞ്ഞ ഭൂമി കൈവശം വച്ചിട്ടുള്ള കേസുകൾ

7(1) അന്വേഷണവുമായി ബന്ധപ്പെട്ട് ചിന്നക്കനാൽ വില്ലേജ് ഓഫീസിലെ ത ഷേർ രജിസ്റ്ററുകൾ പരിശോധിച്ചതിൽ ചിന്നക്കനാൽ വില്ലേജിൽ സമാനമായ മേൽവിലാസത്തിലുള്ളതും വൻതോതിൽ [illegible] നടന്നതുമായ ഏതാനും ത ഷേരുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതാണ്. ടി കൈമാറ്റത്തിലുൾപ്പെട്ട മേൽ [illegible] താഴെപ്പറയും പ്രകാരമാണ്. [illegible]

1.വെള്ളൂക്കുന്നേൽ, സൂര്യനെല്ലി.

2.എവർഗ്രീൻ

3.ഷൺമുഖവിലാസം.

4.ലേക്ക് വ്യൂ/ലേക്ക് വ്യൂ എസ്റ്റേറ്റ്

5.ഹിൽ വ്യൂ/ഹിൽവ്യൂ എസ്റ്റേറ്റ്

6.മേരിലാന്റ് എസ്റ്റേറ്റ്

7.ന്യൂ ഫീൽഡ് എസ്റ്റേറ്റ്

8.റോക്ക് ലാന്റ് എസ്റ്റേറ്റ്

9.ഗ്രീൻ ഫീൽഡ്

10.ഗ്രീൻ ലാന്റ് എസ്റ്റേറ്റ്

(2) കൂടുതൽ പരിശോധന നടത്തിയതിൽ മേൽ പ്രകാരമുള്ള ത ഷേരുകൾ എല്ലാം തന്നെ ഒരു കുടുംബവുമായി (വെള്ളൂക്കുന്നേൽ) ബന്ധപ്പെട്ടതാണെന്നും ഒരേ വിലാസത്തിൽ തന്നെ അവ്വ സംസ്ഥാനക്കാരുടെ പേരിലും ത ഷേരുകൾ അനുവദിച്ചിരിക്കുന്നതായും കാണുന്നു. ഇപ്രകാരം ക ത്തിയ 113 ത ഷേരുകളിലായി 127 ഹെക്ടറോളം ( ഉദ്ദേശം 300ഏക്കർ) ഭൂമി വിവിധ കാലയളവുകളിലായി ഈ കുടുംബത്തിന്റെ കരം തീരുവയിലുള്ളതായി ക ത്തിയിട്ടു . എന്നാൽ ഈ വിഷയത്തിൽ മുമ്പ് ഉടുമ്പൻചോല താലൂക്ക് തഹസിൽദാരുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ താലൂക്ക് ലാന്റ് ബോർഡ് എസ്.എം. കേസ് ബുക്ക് ചെയ്ത് നടപടികളാരംഭിച്ചിരുന്നുവെങ്കിലും ആയതിൽ നടപടി പുരോഗമിച്ചിട്ടില്ല എന്ന് അറിയുന്നു.

(3) ശുപാർശ

(i) ചിന്നക്കനാൽ വില്ലേജിലെ വെള്ളൂക്കുന്നേൽ കുടുംബമായി ബന്ധപ്പെട്ട ത ഷേരുകൾ സംബന്ധിച്ച് കെ.എൽ.ആർ ആക്ട് പ്രകാരമുള്ള കർശനമായ പരിശോധന സമയബന്ധിതമായി നടത്താൻ താലൂക്ക് ലാന്റ് ബോർഡിന് കർശന നിർദ്ദേശം നൽകേ താണ്.

# ഭാഗം - VII

## പൊതുശുപാർശകൾ

1) പരിശോധിക്കപ്പെട്ട മുൻ സർവ്വെ 20/1 പോലെ ആയിരക്കണക്കിന് ഏക്കർ വിസ്തീർണ്ണമുള്ള വലിയ ഭൂവിഭാഗങ്ങളിൽ, വ്യക്തമായ എലുകകൾ രേഖപ്പെടുത്താതെയും കൃത്യമായ സബ് ഡിവിഷൻ സ്കെച്ചുകൾ തയ്യാറാക്കാതെയും അനിയന്ത്രിതമായി അനുവദിച്ചിട്ടുള്ള പട്ടയങ്ങളാണ് ഇപ്പോഴത്തെ ക്രമക്കേടുകളുടെ മൂലകാരണം. ആകയാൽ ചിന്നക്കനാൽ വില്ലേജിൽ 1964ലെ ഭൂമിപതിവ് ചട്ടങ്ങൾ പ്രകാരവും 1993ലെ പ്രത്യേക ഭൂമിപതിവ് ചട്ടങ്ങൾ പ്രകാരവും അനുവദിച്ചിട്ടുള്ള എല്ലാ പട്ടയങ്ങളും വിശദമായും സമയബന്ധിതമായും പരിശോധിക്കേ തും ആയതിന്റെ അടിസ്ഥാനത്തിൽ ശരിയായത് എന്ന് കവ ത്തുന്ന പട്ടയങ്ങളെ അടിസ്ഥാനമാക്കിയുള്ള ത ഷേരുകൾ മാത്രം നിലനിർത്തുന്നതിന് ഉചിതമായ ഉത്തരവ് പുറപ്പെടുവിക്കുന്നതിന് ശുപാർശചെയ്യുന്നു. എന്നാൽ പൊതുജനങ്ങളുടെ ബുദ്ധിമുട്ട് ഒഴിവാക്കുന്നതിനായി പട്ടയപരിശോധന പൂർത്തിയാകുംവരെ തൽസ്ഥിതി തുടരുന്നതിനുള്ള നടപടികളും കൈക്കൊള്ളാവുന്നതാണ്.

2) ചിന്നക്കനാൽ വില്ലേജിലെ റീസർവ്വെ നടപടികൾ അന്തിമഘട്ടത്തിൽ എത്തിയിരുന്നെങ്കിലും, റീസർവ്വെയെ അടിസ്ഥാനപ്പെടുത്തി തയ്യാറാക്കിയിരുന്ന ബി.റ്റി.ആർ, ത ഷേർ അക്കൗ ുകൾ എന്നിവയിൽ വ്യാപകമായി വ്യാജപട്ടയങ്ങളും വ്യാജത ഷേരുകളും ഉൾപ്പെടുത്തപ്പെട്ടു എന്ന ആക്ഷേപത്തെ തുടർന്ന് റീസർവ്വെ റിക്കാർഡുകൾ അന്തിമമായി വിജ്ഞാപനം ചെയ്തിരുന്നില്ല. ഇത് ഉടനടി പരിഹരിച്ച് വില്ലേജ് റിക്കാർഡുകൾ പട്ടയങ്ങൾ എന്നിവ റീസർവ്വെ രേഖകൾക്ക് അനുസൃതമായി പരിഷ്ക്കരിക്കുകയും എല്ലാകൈവശങ്ങളിമുൾപ്പെട്ട ത ഷേരുകളിലും പട്ടയങ്ങളിലും കൈമാറ്റകരണങ്ങളിലും ഭൂമിയുടെ അതിർത്തികളെ സൂചിപ്പിക്കുന്ന GPS Co-ordinates ഉൾപ്പെടുത്തുകയും ചെയ്യുന്ന പക്ഷം അത് ചിന്നക്കനാൽ വില്ലേജിലെ ഭൂമികൈയേറ്റ പ്രശ്നങ്ങൾക്ക് ശാശ്വത പരിഹാരമായിരിക്കും. ഇതിലേക്കായി 1973-74 കാലഘട്ടത്തിൽ റീസർവ്വെ നടപടികൾക്കായി തയ്യാറാക്കിയ ഫെയർലാന്റ് രജിസ്റ്ററിനെ ആധാരമാക്കി GPS oriented ആയ സർവ്വെ നടപടികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് സർവ്വെ & ലാന്റ് റിക്കാർഡ്സ് ഡയറക്ടർ, ഇടുക്കി ജില്ലാകളക്ടർ എന്നിവർക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകാവുന്നതാണ്.

3) ദേവികുളം, ഉടുമ്പൻചോല താലൂക്കുകളിൽ നിലവിലുള്ള സങ്കീർണ്ണമായ ഭൂമി പ്രശ്നങ്ങൾ, ജീവനക്കാരുടെ ഭാഗത്തു നിന്ന് തുടർച്ചയായി ഉ ാകുന്ന വീഴ്ചകൾ എന്നിവ കണക്കിലെടുത്ത് ചിന്നക്കനാൽ, പള്ളിവാസൽ, കെ.ഡി.എച്ച് എന്നീ വില്ലേജുകളിലും ടി വില്ലേജുകളിലെ ഭൂമികൈയേറ്റം ഭൂമി പതിവ് വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന താലൂക്ക് ഓഫീസ് വിഭാഗങ്ങളിലും ജീവനക്കാരെ നിയമിക്കുമ്പോൾ അവരുടെ മുൻകാല സേവന വിവരങ്ങൾ കൂടി പരിശോധിച്ച് പരമാവധി സത്യസന്ധരായ ഉദ്യോഗസ്ഥരെ തന്നെ നിയമിക്കാനാവശ്യമായ നടപടി സ്വീകരിക്കേ താണെന്ന് കാണുന്നു.

4) സംസ്ഥാനത്തെ എല്ലാ താലൂക്കുകളിലും പുതുതായി നൽകുന്ന പട്ടയങ്ങളിൽ സർവ്വെ അതിരടയാളങ്ങളുടെ GPS Co-ordinates രേഖപ്പെടുത്തുന്നതിലേക്കായി ബന്ധപ്പെട്ട ഭൂമിപതിവ് ചട്ടങ്ങളിൽ ആവശ്യമായ ഭേദഗതി അടിയന്തിരമായി കൊ ുവരുന്നതിനും ശുപാർശ ചെയ്യുന്നു.

5) റവന്യു, സർവ്വെ വകുപ്പുകളിൽ വിവിധ ജില്ലകളിൽ ശിക്ഷണ നടപടികൾ നേരിടുന്ന ജീവനക്കാരെ കൂട്ടമായി ഇടുക്കി ജില്ലയിൽ വിവിധ റവന്യു ഓഫീസുകളിൽ നിയമിക്കുന്ന പ്രവണത വർദ്ധിച്ചുവരുന്നു. ഇതാകട്ടെ ഇടുക്കി ജില്ലയിലെ റവന്യു ഭരണത്തെ പ്രതികൂലമായി ബാധിക്കുകയും കൂടുതൽ ക്രമക്കേടുകൾക്ക് വഴിവയ്ക്കുകയും ചെയ്യുന്നതാകയാൽ ഇത്തരത്തിൽ അച്ചടക്കനടപടി നേരിടുന്ന ജീവനക്കാരെ കൂട്ടമായി ഇടുക്കിയിൽ നിയോഗിക്കുന്നതിൽ കർശനമായ നിയന്ത്രണം അനിവാര്യമാണ്. കൂടാതെ ദേവികുളം, ഉടുമ്പൻചോല താലൂക്കുകളിലെ റവന്യു ഓഫീസുകളിൽ തുടർച്ചയായി ഒരേ ഓഫീസിൽ തന്നെ മൂന്ന് വർഷത്തിലധികമായി തുടർന്നുവരുന്ന ജീവനക്കാരെ അടിയന്തരമായി മാറ്റി നിയമിക്കുന്നതിനും ശുപാർശ ചെയ്യുന്നു.

6) നിലവിൽ ദേവികുളം, ഉടുമ്പൻചോല താലൂക്കുകളിലായി യഥാക്രമം നാല്, ര ് എന്നിങ്ങനെ PLPF(Public Land Protection Force) അംഗങ്ങളാണ് പ്രവർത്തിച്ചുവരുന്നത്. ടി താലൂക്കുകളിലെ അടിയന്തിരമായ ഭൂമി കൈയേറ്റങ്ങൾ തടയുന്നതിലും ഒഴിപ്പിക്കൽ നടപടികളിലും PLPF അംഗങ്ങളുടെ എണ്ണക്കുറവും ടി സേനയുടെ നിയമപരമായ സാധുതയില്ലായ്മയും പ്രതികൂലഘടകങ്ങളാണ്. ആകയാൽ 1957ലെ കേരളാ ഭൂസംരക്ഷണ നിയമത്തിൽ ആവശ്യമായ ഭേദഗതികൾ വരുത്തിക്കൊ ് PLPFന് നിയമപരിരക്ഷ നൽകേ തും അവരുടെ ചുമതലകൾ സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കേ തും അനിവാര്യമാണ്.

7) കൈയേറ്റമൊഴിപ്പിക്കൽ പോലെയുള്ള നടപടികൾക്കായി ഫീൽഡിലെത്തിച്ചേരുന്ന റവന്യു ഉദ്യോഗസ്ഥർക്ക് പോലീസ് സഹായം ലഭ്യമാകുന്നില്ലായെന്ന കാരണത്താൽ തുടർച്ചയായി മടങ്ങിപോരേ ിവരുന്ന സാഹചര്യം നിലവിലു ്. മാത്രവുമല്ല സ്ത്രീകളെയും കുട്ടികളെയും മുൻ നിർത്തി ഉദ്യോഗസ്ഥരെ ഭീഷണിപ്പെടുത്തി നടപടികൾ തടസ്സപ്പെടുത്തുന്ന പ്രവണതകളും വർദ്ധിച്ചുവരുന്നു. ഇതിനു ശാശ്വത പരിഹാരമെന്ന നിലയിൽ 2 വനിതാ പോലീസ് ഉദ്യോഗസ്ഥർ അടങ്ങുന്ന 10 അംഗ പോലീസ് സംഘത്തെ സ്ഥിരം സംവിധാനമെന്ന നിലയിൽ ദേവികുളം സബ് ഡിവിഷന്റെ കീഴിൽ അനുവദിച്ചു തരണമെന്ന് ഉത്തരവു ാകണമെന്ന് അപേക്ഷിച്ചുകൊള്ളുന്നു.

8) 1993ലെ പ്രത്യേക പതിവു ചട്ടങ്ങൾ പ്രകാരം അനധികൃതമായി അനുവദിച്ച പട്ടയങ്ങളായ 113/93, 114/93, 116/93, 117/93, 177/93 **എന്നിവ റദ്ദുചെയ്യുന്ന മുറയ്ക്ക് ഉദ്ദേശം 3 ഏക്കർ ഭൂമി (ഏഴുപതേക്കർ കൂടാതെ ) സർക്കാരിലേക്ക് ഏറ്റെടുക്കാവുന്നതും അങ്ങനെ ചെയ്യുന്ന പക്ഷം അപ്രകാരം ഏറ്റെടുക്കുന്ന ഭൂമി നൂറോളം** ഭൂരഹിത **കുടുംബങ്ങൾക്ക് പതിച്ചുനൽകാവുന്നതാണെന്നതിനാൽ ഇക്കാര്യത്തിൽ സത്വരനപടികൾ** സ്വീകരിക്കാവുന്നതാണ്.

9) എഴുപതേക്കർ എന്നറിയപ്പെടുന്ന പ്രദേശം വനംവകുപ്പിന് കൈമാറുന്നതിനായി നേരത്തെ തന്നെ ശുപാർശ കൈമാറിയിട്ടുള്ളതാണ്. അതീവ പാരിസ്ഥിതിക പ്രാധാന്യമുള്ളതും വന്യജീവി സാമിപ്യമുള്ളതുമായ ഈ പ്രദേശത്തെ അടിയന്തിരമായി ഏറ്റെടുത്ത് പരിഹാര വനവൽക്കരണ പദ്ധതിയിലുൾപ്പെടുത്തി വനംവകുപ്പിന് കൈമാറുന്നതിന് അടിയന്തിര സർക്കാർ തീരുമാനം ഉ ാകണമെന്നും ശുപാർശ ചെയ്യുന്നു.

10) ഉടുമ്പൻചോല താലൂക്കിലെയും, ദേവികുളം താലൂക്കിലെയും ഭൂമി കൈയേറ്റം വ്യാജരേഖ ചമയ്ക്കൽ എന്നിവയുമായി ബന്ധപ്പെട്ട് നിരവധി ഫയലുകളിൽ നടപടി തുടരുന്നതായി പ്രാഥമിക അന്വേഷണത്തിൽ കാണുന്നു. ചിന്നക്കനാൽ വില്ലേജിലെ ഗ്രീൻജംഗിൾ റിസോർട്ട്, പനോരമിക്ക് റിസോർട്ട്, ആഴി റിസോർട്ട്സ്, ആർ.ഡി.എസ് പ്രൊജക്റ്റ്, സ്കൈ ജുവലറി, എച്ച്.എൻ.എൽ/ ആദിവാസി ഭൂമി കൈയേറ്റങ്ങൾ, 1993 റൂൾ പട്ടയങ്ങളിലെ വ്യാപകമായ ക്രമക്കേടുകൾ, പള്ളിവാസൽ വില്ലേജിലെ 13/127, 14/44, 46, 15/1 തുടങ്ങിയ സർവ്വെ നമ്പരുകളിലെ ഭൂമി പതിവ് തുടങ്ങിയവ ഇതിലുൾപ്പെടുന്നു. എന്നാൽ അനുവദിച്ച മൂന്നാഴ്ച സമയ പരിധിയിൽ ഇത്തരം കേസുകളിൽ വിശദമായ അന്വേഷണം നടത്താൻ സാധിച്ചിട്ടുള്ളതല്ല. മേൽ വിഷയങ്ങളിലും സമാനമായ മറ്റ് കേസുകളിലും യുക്തമായ രീതിയിൽ സമയബന്ധിതമായി അന്വേഷണം നടത്തേ താണ്.

# ഭാഗം - VIII

# സംഗ്രഹം

പശ്ചിമഘട്ടമലനിരകളാൽ ചുറ്റപ്പെട്ടു കിടക്കുന്ന മൂന്നാറും ചിന്നക്കനാൽ, പള്ളിവാസൽ ഉൾപ്പെടെയുള്ള സമീപ പ്രദേശങ്ങളും ഭൂമി ശാസ്ത്രപരമായ പ്രത്യേകതകൾക്കൊ ും കാലാവസ്ഥയിലെ വൈവിദ്ധ്യം കൊ ും കേരളത്തിലെ മറ്റ് പ്രദേശങ്ങളിൽ നിന്ന് വ്യത്യസ്ഥമായി സ്ഥിതിചെയ്യുന്നതാണ്. ഈ പ്രദേശത്തെ കാലാവസ്ഥ ഇടുക്കിയിലെ ഹൈറേഞ്ചിന്റെ മാത്രമല്ല. കേരളത്തിന്റെ ആകെ കാലാവസ്ഥയെ സ്വാധീനിക്കുന്നതാണ്. ആയതിനാൽ ഈ പ്രദേശത്തെ കാലാവസ്ഥയും ജൈവ വൈവിദ്ധ്യവും നശിച്ചുപോകാതെ സംരക്ഷിക്കേ ത് അത്യന്താപേക്ഷിതമാണ്.

കഴിഞ്ഞ മൂന്ന് ആഴ്ചകളായി വിവിധ ഓഫീസുകളിലും ചിന്നക്കനാൽ കേന്ദ്രീകരിച്ചും നടത്തിയ പരിശോധനകളിൽ റിപ്പോർട്ടിൽ സൂചിപ്പിക്കുന്ന പ്രകാരം വ്യാപകമായ ക്രമക്കേടുകളാണ് ശ്രദ്ധയിൽപ്പെട്ടിട്ടുള്ളത്. നൂറുകണക്കിന് ഏക്കർ സർക്കാർ ഭൂമിയാണ് ഇത്തരത്തിൽ അന്യാധീനപ്പെട്ടുപോകുന്നതായി ക ത്തിയത്. ഇത്തരം ഭൂമികളിൽ ബഹുനില മന്ദിരങ്ങൾ ഉയർന്നുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടു . ഇത് സർക്കാരിന് വൻനഷ്ടമു ാക്കുന്നത് കൂടാതെ പ്രദേശത്തിന്റെ മനോഹാരിതയെയും ടൂറിസം സാദ്ധ്യതകളെയും വളരെ പ്രതികൂലമായി ബാധിക്കുന്നു.

ഈ സാഹചര്യത്തിൽ റിപ്പോർട്ടിൽ പരാമർശിച്ചതുൾപ്പെടെയുള്ള വിഷയങ്ങൾ സർക്കാരിന്റെ ശക്തമായ ഇടപെടലുകളും തുടർനടപടികളും അനിവാര്യമാണെന്ന് കാണുന്ന വിവരം റിപ്പോർട്ട് ചെയ്തുകൊള്ളുന്നു.

ബിനു ജോസഫ്, സീനിയർ സൂപ്ര
റവന്യു ഡിവിഷണൽ ഓഫീസ്, ദേവികുളം

മത്തായി കെ.എം, ഡെപ്യൂട്ടി തഹസിൽദാർ,
താലൂക്ക് ഓഫീസ്, ഉടുമ്പൻചോല.

ബാലചന്ദ്രൻപിള്ള ജി, റവന്യു ഇൻസ്പെക്ടർ,
ലാന്റ് റവന്യു കമ്മീഷണറേറ്റ്, തിരുവനന്തപുരം.

ജെയ്സൺ ജോർജ്ജ്, വില്ലേജ് ഓഫീസർ,
കട്ടപ്പന വില്ലേജ്

സൈജു ജോർജ്ജ്, സീനിയർ ക്ലാർക്ക്
റവന്യു ഡിവിഷണൽ ഓഫീസ്, ദേവികുളം

ഷിജു.എ.ആർ, സർവ്വെയർ,
റവന്യു ഡിവിഷണൽ ഓഫീസ്,ദേവികുളം.

ഡോ. രേണു രാജ്, ഐ. എ. എസ്
സബ് കളക്ടർ
ദേവികുളം

# ഭാഗം - IX

## അനുബന്ധങ്ങൾ

1. സ.ഉ (കൈ) 124/19/ആർ.ഡി തീയതി 24.04.19
2(1) എഴുപതേക്കർ പ്രദേശത്തിന്റെ മുൻസർവ്വെ പ്രകാരമുള്ള സ്കെച്ച്.
2(2) എഴുപതേക്കർ പ്രദേശത്തിന്റെ റീസർവ്വെ സ്കെച്ച്
3. എഴുപതേക്കർ ഭൂമി സർക്കാർ അധീനതയിലെടുത്തത് സംബന്ധമായ ചിന്നക്കനാൽ വില്ലേജ് ഓഫീസറുടെ 27.03.08ലെ റിപ്പോർട്ട്.
4. രാജകുമാരി എസ്.ആർ.ഒയിലെ 237/2009 നമ്പർ വിലയാധാരം
5. രാജകുമാരി എസ്.ആർ.ഒയിലെ 1571/2006 നമ്പർ ആധാരം
6. എൽ.എ - 203/78 നമ്പർ പട്ടയത്തിന്റെ പകർപ്പ്.
7. ചിന്നക്കനാൽ വില്ലേജിലെ റ്റി.പി.1191 നമ്പർ ത പ്പേർ പകർപ്പ്.
8. ചിന്നക്കനാൽ വില്ലേജിലെ റ്റി.പി.3542 നമ്പർ ത പ്പേർ പകർപ്പ്.
9. ഉടുമ്പൻചോല തഹസിൽദാരുടെ 24.08.13ലെ ജി(5)- 979/08 നമ്പർ നടപടിക്രമം.
10. ഉടുമ്പൻചോല തഹസിൽദാരുടെ 06.09.07ലെ സി1- 8580/09/07/കെ.ഡിസ് നം.നിജസ്ഥിതി സർട്ടിഫിക്കറ്റ്.
11. ഉടുമ്പൻചോല തഹസിൽദാരുടെ 13.08.07ലെ എ6- 8649/07 നമ്പർ സർട്ടിഫിക്കറ്റ്.
12. ഉടുമ്പൻചോല താലൂക്കിലെ 2007 സെപ്റ്റംബർ മാസത്തെ ഹാജർ പുസ്തകത്തിന്റെ പകർപ്പ്
13(1) ഉടുമ്പൻചോല തഹസിൽദാരുടെ 14.05.19ലെ എ9- 4510/19 നം.സാക്ഷ്യപത്രം.
13(2) ഉടുമ്പൻചോല തഹസിൽദാരുടെ 12.05.19ലെ സി1(2)- 6641/19 നം.സാക്ഷ്യപത്രം.
14 ഉടുമ്പൻചോല താലൂക്കിലെ 2007 സെപ്റ്റംബർ മാസത്തിലെ വിതരണ പതിവേടിന്റെ പ്രസക്ത ഭാഗങ്ങളുടെ പകർപ്പുകൾ.
15(1) ചിന്നക്കനാൽ വില്ലേജ് ഓഫീസറുടെ 1882/07 നമ്പർ ലൊക്കേഷൻ സ്കെച്ച്.
15(2) ചിന്നക്കനാൽ വില്ലേജ് ഓഫീസറുടെ 1883/07 നമ്പർ ലൊക്കേഷൻ സ്കെച്ച്.
16 രാജകുമാരി എസ്.ആർ.ഒയിലെ 238/09 നമ്പർ വിലയാധാരം
17. എൽ.എ - 91/71 നമ്പർ പതിവ് ഫയലിന്റെ പകർപ്പ്.
18. രാജകുമാരി എസ്.ആർ.ഒ.യിലെ 1177/15 നമ്പർ ആധാരം
19. രാജകുമാരി എസ്.ആർ.ഒ യിലെ 236/09 നമ്പർ ആധാരം.
20. രാജകുമാരി എസ്.ആർ.ഒ യിലെ 1312/94 നമ്പർ ആധാരം.
21. എൽ.എ - 90/71 നമ്പർ പതിവ് ഫയലിന്റെ പകർപ്പ്.
22. എൽ.എ - 96/71 നമ്പർ പതിവ് ഫയലിന്റെ പകർപ്പ്.
23. എൽ.എ - 89/71 നമ്പർ പതിവ് ഫയലിന്റെ പകർപ്പ്.

[illegible] എസ്.ആർ.ഒ യിലെ 579/07 നമ്പർ ആധാരം

[illegible] തഹസിൽദാരുടെ 06.09.07ലെ സി1-8580/19/2007/കെ.ഡിസ് നം.നിജസ്ഥിതി [illegible]

[illegible] 6, റീസർവ്വെ നം.32/1, 3 ന്റെ ഫെയർ ലാന്റ് രജിസ്റ്റർ പകർപ്പ്

[illegible](എ) [illegible] 116/93(C)-നം.പതിവ് ഫയലിന്റെ പകർപ്പ്.

27. ബ്ലോക്ക്-6, റീസർവ്വെ നം.32/4 ന്റെ ഫെയർ ലാന്റ് രജിസ്റ്റർ പകർപ്പ്

27(എ). എൽ.എ-177/93(C)-നം.പതിവ് ഫയലിന്റെ പകർപ്പ്.

28. എൽ.എ-117/93(C)-നം.പതിവ് ഫയലിന്റെ പകർപ്പ്.

29. എൽ.എ-113/93(C)-നം.പതിവ് ഫയലിന്റെ പകർപ്പ്.

30. ബ്ലോക്ക്-6, റീസർവ്വെ നം.35/1, 3,4,7 ന്റെ ഫെയർ ലാന്റ് രജിസ്റ്റർ പകർപ്പ്

30(എ) എൽ.എ-114/93(C)-നം.പതിവ് ഫയലിന്റെ പകർപ്പ്.

30(ബി) വസ്തുക്കളുടെ സ്ഥാനം കാണിക്കുന്ന വിശദമായ സ്കെച്ച്.

30(സി) വസ്തുക്കളുടെ സ്ഥാനം കാണിക്കുന്ന വിശദമായ സ്കെച്ച്.

31. ഇടുക്കി ജില്ലാകളക്ടറുടെ സി3-28453/14 നം.കത്ത്.

32. രാജകുമാരി ഭൂമിപതിവ് സ്പെഷ്യൽ ഓഫീസിലെ ഉപാധിരഹിത സീൽ പതിക്കുന്നതുമായി ബന്ധപ്പെട്ട രജിസ്റ്ററിന്റെ പകർപ്പ്.

33. ശ്രീ.ബിജുജോസഫ്, സീനിയർ ക്ലാർക്ക് 14.05.19ൽ നൽകിയ മൊഴിയുടെ പകർപ്പ്.

33(എ) രാജകുമാരി ഭൂമിപതിവ് സ്പെഷ്യൽ തഹസിൽദാരുടെ 15.05.19, 16.05.19 തീയതികളിലെ റിപ്പോർട്ടുകൾ.

34. ഉടുമ്പൻചോല താലൂക്ക് സർവ്വെയറുടെ 17.04.17ലെ റിപ്പോർട്ട്.

35. ഉടുമ്പൻചോല തഹസിൽദാരുടെ 20.04.17ലെ കെ4-2075/17 നം.റിപ്പോർട്ട്.

36(1) ഉടുമ്പൻചോല താലൂക്ക് സർവ്വെയറുടെ 05.10.15ലെ റിപ്പോർട്ട്.

36(2) ഉടുമ്പൻചോല താലൂക്ക് സർവ്വെയറുടെ 01.02.16ലെ റിപ്പോർട്ട്.

37(1) ഉടുമ്പൻചോല തഹസിൽദാരുടെ 16.12.15ലെ റിപ്പോർട്ട്.

37(2) ഉടുമ്പൻചോല തഹസിൽദാരുടെ 25.02.15ലെ റിപ്പോർട്ട്.

37(3) ഉടുമ്പൻചോല തഹസിൽദാരുടെ 30.04.16ലെ കെ4-17658/15 നം.കത്ത്.

38 17.02.16 തീയതിയിലെ ഉടുമ്പൻചോല തഹസിൽദാരുടെ നിജസ്ഥിതി സർട്ടിഫിക്കറ്റ്.

39. മൂന്നാർ ദൗത്യസംഘം ഡെപ്യൂട്ടി തഹസിൽദാരുടെ 17.12.2007, 02.01.2008 എന്നീ തീയതികളിലെ റിപ്പോർട്ടുകളും സ്കെച്ചും.

സെക്ഷൻ ഓഫീസർ